കേരള സർക്കാർ

# ഹരിതനിയമങ്ങൾ

## ഹരിതകേരളത്തെ മലിനമാക്കുന്നവർക്കെതിരെ സ്വീകരിക്കേണ്ട നിയമ നടപടികൾ

(പരിഷ്കരിച്ച രണ്ടാം പതിപ്പ്)

**തദ്ദേശ സ്വയംഭരണ സ്ഥാപന ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കുമുള്ള കൈപ്പുസ്തകം**

ഹരിതകേരളം മിഷൻ
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ

ഫെബ്രുവരി 2021

# ഹരിതനിയമങ്ങൾ

കൈപ്പുസ്തകം
(പരിഷ്കരിച്ച രണ്ടാം പതിപ്പ്)

ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

തയ്യാറാക്കിയത്
**ഹരിതകേരളം മിഷൻ ടീം**

ഏകോപനം
**വി. രാജേന്ദ്രൻ നായർ**
ടെക്നിക്കൽ ഓഫീസർ, ഹരിതകേരളം മിഷൻ

രചനയിൽ സഹകരിച്ചവർ
**ഡോ. ഷീല എ.എം.**
സീനിയർ ഇ.ഇ., സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
**എസ്. രാജീവ്**
ലോ ഓഫീസർ, പഞ്ചായത്ത് ഡയറക്ടറേറ്റ്
**ജയിൻ പി. ആർ.**
ജൂനിയർ സൂപ്രണ്ട്, പഞ്ചായത്ത് ഡയറക്ടറേറ്റ്
**എ.കെ. മിനി**
ജോയിന്റ് കമ്മീഷണർ, ഭക്ഷ്യസുരക്ഷാ വകുപ്പ്
**എസ്. ദീപാ കൃഷ്ണൻ**
ലോ ഓഫീസർ, നഗരകാര്യ വകുപ്പ്
**എം. സൈബുദ്ദീൻ**
ഡി.വൈ.എസ്.പി., പോലീസ് ഹെഡ് ക്വാർട്ടേഴ്സ്
**ഡോ. സുമി കെ.വി.**
ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്
**ബൈജു കെ.**
ടൗൺ പ്ലാനർ, നഗര ഗ്രാമാസൂത്രണ വകുപ്പ്
**രാജേഷ് ടി. വർഗ്ഗീസ്**
സെക്രട്ടറി, ആരക്കുഴ ഗ്രാമപഞ്ചായത്ത്
**സഹജൻ കെ.എൻ.**
സെക്രട്ടറി, അടിമാലി ഗ്രാമപഞ്ചായത്ത്
**ഡോ. എ. സുഹൃത് കുമാർ**
പ്രൊഫസർ, ലോ കോളേജ്, തിരുവനന്തപുരം
**സജീവ്ലാൽ ടി.ഡി.**

കവർ ഡിസൈൻ& ലേ-ഔട്ട്
**ഫൗസിയ പി.എ.**

ഡി.ടി.പി.
**ബിന്ദു വി.**

പ്രസിദ്ധീകരണം
**കില, ഹരിതകേരളം മിഷൻ**
ഫെബ്രുവരി 2021
സൗജന്യ വിതരണത്തിന്
കോപ്പി 25000



**പിണറായി വിജയൻ**
**മുഖ്യമന്ത്രി**

# സന്ദേശം

ഹരിതകേരളം മിഷന്റെ ഭാഗമായ ജലസംരക്ഷണം, ശുചിത്വ മാലിന്യ സംസ്കരണം, കൃഷി വ്യാപനം എന്നീ മൂന്ന് ഉപമിഷൻ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനങ്ങളെ സംഘടിപ്പിച്ച് നടത്തേണ്ടവയാണ്. ജലസംരക്ഷണവുമായും ശുചിത്വ മാലിന്യ സംസ്കരണവുമായും ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും സുസ്ഥിരമാകണമെങ്കിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കുക കൂടി വേണം. നവകേരളം കർമ്മ പദ്ധതിയുടേയും ഹരിതകേരളം മിഷന്റെയും ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റേയും മാർഗ്ഗരേഖകളിൽ വിഭാവനം ചെയ്തിട്ടുള്ള ഈ പ്രവർത്തനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് വിപുലമായ നിയമ ബോധവത്ക്കരണ ക്യാമ്പയിന് ഹരിതകേരളം മിഷൻ തുടക്കം കുറിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. ഇതിന്റെ ഭാഗമായുള്ള നിയമനടപടികൾ ഉൾക്കൊള്ളിച്ച് പ്രസിദ്ധീകരിക്കുന്ന കൈപുസ്തകം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഏറെ പ്രയോജനപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഭാവുകങ്ങൾ



പിണറായി വിജയൻ



**എ.സി. മൊയ്തീൻ**
**തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി**

# സന്ദേശം

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് വളരെ ശക്തമായ നിയമങ്ങളും ചട്ടങ്ങളും നമ്മുടെ രാജ്യത്ത് നിലവിലുണ്ടെങ്കിലും അവ പ്രായോഗികമായി നടപ്പിലാക്കുന്നതിൽ നമ്മൾ ഇനിയും ഏറെ മുന്നോട്ടുപോകേണ്ടതുണ്ട്. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നിയമനടപടികൾ സ്വീകരിക്കാവുന്നവയും, മറ്റ് ഏജൻസികളുടെ സഹായത്തോടെ നിയമനടപടികൾ സ്വീകരിക്കാവുന്നവയും ഉണ്ട്. പൊതുജനങ്ങളിലും ജനപ്രതിനിധികളിലും ഇത്തരം നിയമങ്ങളെക്കുറിച്ച് അവബോധം വളർത്തിയെടുത്ത്, ശാസ്ത്രീയവും സുരക്ഷിതവുമായ മാലിന്യസംസ്കരണം ഒരു ശീലമായി മാറ്റുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്കുവഹിക്കാൻ കഴിയും. ഇതിന് സഹായകരമായ രീതിയിൽ ഹരിതകേരളം മിഷൻ ഒരു കൈപ്പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നുവെന്നും, ഈ കൈപ്പുസ്തകത്തിന്റെ അടിസ്ഥാനത്തിൽ വിപുലമായ നിയമബോധവത്കരണ ക്യാമ്പയിന് തുടക്കംകുറിക്കുന്നുവെന്നും അറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിക്കുന്നതോടൊപ്പം ഇതിന്റെ വിജയത്തിനായി എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

എ.സി. മൊയ്തീൻ



**ഡോ. ടി.എൻ. സീമ**
**എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ**
**ഹരിത കേരളം മിഷൻ**

# അവതാരിക

ഹരിതകേരളം മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി ശുചിത്വ-മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിവിധ നിയമങ്ങളിലേയും ചട്ടങ്ങളിലേയും പ്രസക്ത ഭാഗങ്ങൾ ക്രോഡീകരിച്ച്, വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും സഹിതം ഒരു കൈപ്പുസ്തകം പ്രസിദ്ധീകരിക്കുകയാണ്.

ഹരിതകേരളം മിഷന്റെ മൂന്ന് ഉപമിഷനുകളുമായും ബന്ധമുള്ളതാണ് മാലിന്യസംസ്കരണവും ശുചിത്വവും. അഴുകുന്ന സ്വഭാവമുള്ള മാലിന്യങ്ങളെ ജൈവവളമാക്കി മാറ്റി മണ്ണിലേക്ക് തന്നെ തിരികെ നൽകേണ്ടതിന് പകരം അവയെ നീരൊഴുക്കുകളിലേയ്ക്കും ജലസംഭരണികളിലേയ്ക്കുമൊക്കെ വലിച്ചെറിയുകയും ഒഴുക്കി വിടുകയും ചെയ്യുകയോ കത്തിച്ചുകളയുകയോ ചെയ്യുന്നതുനിമിത്തം അതൊരു പാരിസ്ഥിതിക പ്രശ്നമായി മാറുന്നു. അഴുകാത്ത മാലിന്യങ്ങളെ പ്രത്യേകം തരംതിരിച്ച് സൂക്ഷിച്ചാൽഅവയും മൂല്യമുള്ള വസ്തുക്കളാണെന്ന് തിരിച്ചറിയാതെ വലിച്ചെറിയുകയും കത്തിക്കുകയുമൊക്കെ ചെയ്യുമ്പോൾ അതും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നമായി മാറുന്നു. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ ബോധവത്കരണത്തിനും മാലിന്യശേഖരണ - സംസ്കരണ സംവിധാനമൊരുക്കലിനും ഒപ്പം തന്നെ നിയമങ്ങൾ കർശനമായി നടപ്പിലാക്കലും അനിവാര്യമാണ്. ഉദ്യോഗസ്ഥരോ ജനപ്രതിനിധികളോ മാത്രം വിചാരിച്ചാൽ നടപ്പിലാക്കാൻ കഴിയുന്നതല്ല മാലിന്യവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്കെതിരെയുള്ള നടപടികൾ.

ചുറ്റിലും നിരന്തരമായി ഇത്തരം നിയമലംഘനങ്ങൾ കാണുമ്പോഴും അവ ശിക്ഷാർഹമാണെന്നത് അറിയാത്തതുകൊണ്ടോ എവിടെയാണ് പരാതി അറിയിക്കേണ്ടത് എന്നത് സംബന്ധിച്ച വ്യക്തതയില്ലാത്തതുകൊണ്ടോ ഒക്കെ പൊതുജനങ്ങളിൽ നിന്ന് വേണ്ടത്ര പ്രതികരണം ഉണ്ടാകാത്ത സ്ഥിതിയാണുള്ളത്. സാമൂഹിക തിന്മ

കൾക്കെതിരെ പ്രതികരിക്കുന്ന പൊതു സ്വഭാവമുള്ള റസിഡന്റ്സ് അസോസിയേഷനുകളും കലാസാംസ്കാരിക സംഘടനകളും ഉൾപ്പെടെയുള്ളവ മാലിന്യവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളിൽ ഇടപെടുന്ന സ്ഥിതി ഉണ്ടാകണമെങ്കിൽ അവർക്കും ഇത്തരം നിയമങ്ങൾ സംബന്ധിച്ചും അവയ്ക്കെതിരെ നടപടി സ്വീകരിക്കാൻ നിലവിലുള്ള സഹായ സംവിധാനങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ നൽകേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും അവ ലംഘിച്ചാൽ ലഭിക്കാവുന്ന ശിക്ഷകളും വ്യക്തമാക്കി വിപുലമായ ഒരു ബഹുജന ക്യാമ്പയിന് തുടക്കം കുറിക്കാൻ ഹരിതകേരള മിഷൻ തീരുമാനിച്ചത്.

നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും നൽകുന്ന പരിശീലനം, നിയമങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനുള്ള ഹരിതസാക്ഷരത ക്ലാസ്സുകൾ, സ്കൂൾ കോളേജ് കുട്ടികൾക്കുള്ള പ്രാഥമിക നിയമപരിജ്ഞാന ക്ലാസ്സുകൾ തുടങ്ങിയവ ഉൾപ്പെട്ടതാണ് ഈ ക്യാമ്പയിൻ. ക്യാമ്പയിൻ പ്രവർത്തനത്തിന്റെ ഏറ്റവും പ്രധാന കണ്ണിയാണ് നിയമങ്ങളും ചട്ടങ്ങളും വ്യക്തമാക്കിക്കൊണ്ടുള്ള ഈ കൈപ്പുസ്തകം. കേരള പോലീസ് വകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, സംസ്ഥാന ആരോഗ്യവകുപ്പ്, പഞ്ചായത്ത് - നഗരകാര്യ - നഗരാസൂത്രണ വകുപ്പുകൾ, ഭക്ഷ്യ സുരക്ഷാവകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം പൂർത്തിയാക്കിയിട്ടുള്ളത്. ഈ വകുപ്പുകളോടും ഏജൻസികളോടുമുള്ള നന്ദിയും കടപ്പാടും ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

ഈ നിയമബോധവത്കരണ ക്യാമ്പയിന്റെയും അതിനുവേണ്ടിയുള്ള കൈപ്പുസ്തക രൂപീകരണത്തിന്റെയും ആലോചനാ ഘട്ടം മുതൽ നിർദ്ദേശങ്ങളും പിന്തുണയും നൽകി വരുന്ന കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അഥോറിറ്റി (KELSA) യുടെ സഹായങ്ങൾക്ക് പ്രത്യേക നന്ദി പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

വിവിധ പരിശീലന പരിപാടികൾ ഉൾപ്പെടെ ഹരിതകേരളം മിഷന്റെ നാളിതുവരെയുള്ള എല്ലാ പ്രവർത്തനങ്ങളിലും മിഷനോടൊപ്പമുള്ള കിലയുടെ സഹായത്തോടെയാണ് ഈ നിയമബോധവൽക്കരണ പരിപാടിയും നടപ്പിലാക്കുന്നത്. ഹരിതേകരളം മിഷന് നൽകി വരുന്ന പിന്തുണയ്ക്ക് കിലയോടുള്ള പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു.

ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും, പൊതുജനങ്ങൾക്കും ഒരുപോലെ സഹായകരമാകുമെന്ന പ്രതീക്ഷയോടെ ഈ കൈപ്പുസ്തകം സസന്തോഷം സമർപ്പിക്കുന്നു.



**ഡോ. ജോയ് ഇളമൺ**
**ഡയറക്ടർ ജനറൽ, കില**

# പരിഷ്കരിച്ച രണ്ടാം പതിപ്പിനുള്ള ആമുഖം

കേരളത്തിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പ് വരുത്തുന്നതിനുള്ള സമഗ്ര കാഴ്ചപ്പാടോടെ രൂപീകരിച്ച ഹരിതകേരളം മിഷനുമായി ബന്ധപ്പെട്ട നിരവധി പരിശീലന പരിപാടികളാണ് കിലയുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ളത്. ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ട ഒന്നാണ് ഹരിത നിയമങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ പരിശീലനം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പൊതുജനങ്ങൾ, സ്കൂൾ കോളേജ് വോളന്റിയർ ഗ്രൂപ്പുകൾ തുടങ്ങി വിവിധ വിഭാഗങ്ങളിലായി 20 ലക്ഷത്തോളം പേർക്കാണ് ഇതിനകം ഈ പരിശീലനം നൽകിയിട്ടുള്ളത്.

പരിസ്ഥിതി നാശത്തിന് കാരണമാകുന്ന പ്രവൃത്തികളെക്കുറിച്ചും അവയ്ക്കുള്ള ശിക്ഷാ നടപടികളെ സംബന്ധിച്ചും പൊതുസമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിലൂടെ മലിനീകരണ പ്രവർത്തനങ്ങൾ കുറയുന്ന സാഹചര്യം സൃഷ്ടിക്കാൻ ലക്ഷ്യമിട്ട ഈ പരിശീലനം വലിയ തോതിൽ ഫലപ്രദമായി എന്നാണ് വിലയിരുത്തപ്പെട്ടിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതിയതായി അധികാരത്തിൽ വന്ന ജനപ്രതിനിധികൾക്കായി കിലയുടെ നേതൃത്വത്തിൽ നടത്തിയ പരിശീലന പരിപാടികളിൽ **ഹരിതനിയമങ്ങൾ കൈപുസ്തകം** എല്ലാ ജനപ്രതിനിധികൾക്കും ലഭ്യമാക്കണമെന്ന ആവശ്യം ഉയർന്നിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് ഈ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധന ഉത്തരവിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച് പുറത്തിറക്കേണ്ട **തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി** സംബന്ധിച്ച ഉത്തരവിന്റേയും പാരിസ്ഥിതിക നാശത്തിന് കാരണക്കാരായവരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കുന്നത് സംബന്ധിച്ച (Polluter pays Principle) ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ വരുത്തിയ കൂട്ടിച്ചേർക്കലുകളോടെയാണ് ഈ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്നത്.

ഇതിന്റെ അടിസ്ഥാനത്തിൽ ജനപ്രതിനിധികൾക്കുള്ള പരിശീലന പരിപാടികളും കില ആസൂത്രണം ചെയ്യുന്നുണ്ട്. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും ഈ കൈപുസ്തകം പ്രയോജനപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

മുളങ്കുന്നത്തുകാവ്
10.02.2021

# ഉള്ളടക്കം

ആമുഖം........................................................................................ 13

ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട
നിയമലംഘനങ്ങളിൽ നടപടി സ്വീകരിക്കേണ്ടതിന്റെ അനിവാര്യത.......................... 15

ജീവന് അപകടകരമാവുന്ന പ്രവൃത്തികൾ.................................................. 19

അന്തരീക്ഷത്തെ വിഷമയമാക്കുന്ന പ്രവൃത്തികൾ........................................... 19

ഖരമാലിന്യങ്ങൾ കൈയൊഴിയൽ........................................................... 20

ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരിക്കൽ........................................ 21

ഖരമാലിന്യങ്ങൾ വലിച്ചെറിയൽ, കത്തിക്കൽ................................................ 22

100 പേരിൽ കൂടുതൽ ഒത്തുചേരുന്ന സ്ഥലങ്ങളിലെ ഖരമാലിന്യസംസ്കരണം.......... 23

തെരുവു കച്ചവടങ്ങളിലെ ഖരമാലിന്യം....................................................... 24

ഗേറ്റഡ് കോളനികളിലേയും സ്ഥാപനങ്ങളിലേയും ഖരമാലിന്യം............................ 25

ജൈവ, അജൈവ ഖരമാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കൽ............................ 26

ചവറുകൾ നീക്കം ചെയ്യാതിരിക്കൽ......................................................... 27

ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഇടങ്ങളിലെ മാലിന്യം............................ 28

തത്സമയ പിഴ ഈടാക്കൽ..................................................................... 29

ജലസ്രോതസ്സുകൾ മലിനപ്പെടുത്തൽ........................................................ 30

അനുമതി ഇല്ലാതെ വ്യവസായ സ്ഥാപനങ്ങൾ നടത്തൽ..................................... 32

ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യം ഒഴുക്കിവിടൽ.......................................... 34

മാലിന്യങ്ങൾ നിയമവിരുദ്ധമായി വാഹനങ്ങളിൽ കൊണ്ടുപോകൽ........................ 35

ജലസ്രോതസ്സുകളേയും ജലവിതരണ സംവിധാനത്തേയും മലിനമാക്കൽ.................. 36

മാലിന്യങ്ങൾ ജലാശയങ്ങളിലേയ്ക്ക് പുറന്തള്ളൽ............................................ 37

മലിനജലം സംസ്കരിക്കാതെ ഒഴുക്കിവിടൽ................................................. 38

കെട്ടിടങ്ങളിലെ ദ്രവമാലിന്യസംസ്കരണ സംവിധാനം...................................... 40

കെട്ടിടങ്ങളിലെ മലിനജല പുനചംക്രമണ സംവിധാനം...................................... 41

അസംബ്ലി കെട്ടിടങ്ങളിലെ മാലിന്യസംസ്കരണ സംവിധാനം................................ 42

ഇറച്ചി വ്യാപാരം നടത്തുന്ന കടകളിൽ പാലിക്കേണ്ടത്...................................... 43

ലൈസൻസില്ലാതെയുള്ള ഭക്ഷണ പദാർത്ഥങ്ങളുടെ
ഉൽപ്പാദനം, സംഭരണം, വിതരണം, വിൽപ്പന................................................ 44

ഇറച്ചിമാലിന്യങ്ങൾ സംസ്കരിക്കൽ........................................................... 45

ഭക്ഷണ പദാർത്ഥങ്ങളുടെ ഉൽപ്പാദനം, വിതരണം, വിൽപ്പന............................... 46

സുരക്ഷിതമല്ലാത്ത ഭക്ഷണപദാർത്ഥങ്ങളുടെ ഉൽപ്പാദനം , വിതരണം, വിൽപ്പന......... 47

ഭക്ഷണ പദാർത്ഥങ്ങളുമായി ബന്ധപ്പെട്ട സ്ഥലത്തെ ശുചിത്വം............................. 48

ശുചിത്വ സംവിധാനങ്ങൾ ഒരുക്കൽ.......................................................... 49

നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തൽ..................................... 51

ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ
സ്വീകരിക്കേണ്ട നടപടികൾ.................................................................. 53

അനുബന്ധങ്ങൾ.................................................................................. 54

# ആമുഖം

കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെടുന്ന വൃത്തിയും ജല സമൃദ്ധിയും വീണ്ടെടുക്കുക, സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്നീ മുഖ്യ ലക്ഷ്യങ്ങൾ പ്രഖ്യാപിച്ചുകൊണ്ടാണ് ഹരിതകേരളം മിഷൻ പ്രവർത്തനം ആരംഭിച്ചത്. ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയൽ, ജലസ്രോതസ്സുകളുടെ സംരക്ഷണവും സുസ്ഥിര വിനിയോഗവും ഉറപ്പാക്കൽ എന്നിവ മിഷൻ പ്രവർത്തനങ്ങളിലെ പ്രധാന ഭാഗമാണ്. 19.04.2017 തീയതിയിലെ ആസൂത്രണ സാമ്പത്തിക കാര്യവകുപ്പിന്റെ സ.ഉ. (പി) നം. 10/2017 ആ.സാ.വ. നമ്പർ ഉത്തരവിലൂടെ മിഷന്റെ ലക്ഷ്യങ്ങൾ, ആസൂത്രണം, നിർവ്വഹണം, സഹായ സംവിധാനങ്ങൾ എന്നിവ വ്യക്തമാക്കിയിട്ടുണ്ട്.

ഈ ഉത്തരവിൽ, ഭൂമിയും മണ്ണും ജലവും വായുവും മലിനമാക്കാതെ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും ജലസാന്നിദ്ധ്യം സ്രോതസ്സുകളിൽ എല്ലാ സമയവും ഉറപ്പാക്കുവാൻ ആവശ്യമുള്ള പാരിസ്ഥിതിക പുനസ്ഥാപന പ്രവൃത്തികൾ കണ്ടെത്തി നിർവ്വഹിക്കുന്നതിനും വകുപ്പുകളേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും സമൂഹത്തേയും പ്രാപ്തരാക്കുക, ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലെ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക എന്നിവ മിഷന്റെ പൊതുവായ ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഉത്തരവാദിത്ത മാലിന്യ പരിപാലന രീതികൾ അവലംബിക്കുന്നതിനോട് പൗരൻമാരിൽ അനുകൂല മനോഭാവവും ശീലങ്ങളും ഉണ്ടാക്കി സമൂഹത്തിലാകെ ഒരു പുതിയ മാലിന്യ പരിപാലന സംസ്കാരം സൃഷ്ടിക്കുക എന്നത് ശുചിത്വമാലിന്യ സംസ്കരണ ഉപമിഷന്റെ ലക്ഷ്യങ്ങളിൽ ഒന്നായി വ്യക്തമാക്കിയിട്ടുണ്ട്. ഉപമിഷൻ പ്രവർത്തനങ്ങളിൽ ജലസ്രോതസുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് കർശനമായി തടയുന്നതിന് നടപടി സ്വീകരിക്കുക എന്നതും ഉൾപ്പെടുത്തിയിട്ടുണ്ട്.

ജലസംരക്ഷണ ഉപമിഷന്റെ ലക്ഷ്യങ്ങളിൽ പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരം വളർത്തിയെടുക്കുക, ജലസുരക്ഷയും പാരിസ്ഥിതിക സുസ്ഥിരതയും ഭാവി തലമുറയ്ക്കുകൂടി ഉറപ്പാക്കുക, നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും വിനിയോഗവും സുസ്ഥിര പരിപാലനവും ഉറപ്പാക്കുക എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഹരിതകേരളം മിഷന്റെ ശുചിത്വമാലിന്യ സംസ്കരണ ഉപമിഷൻ സംബന്ധിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ.(സാധാ)നം.2420/2017/ത.സ്വ.ഭ.വ. തീയതി 15.07.2017 നമ്പർ ഉത്തരവിലും അനുബന്ധ മാർഗ്ഗരേഖയിലും മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിലാക്കുന്നതും നിയ

മലംഘകർക്കെതിരെ നടപടിസ്വീകരിക്കുന്നതും തദ്ദശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രധാന ഉത്തരവാദിത്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

മിഷന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപന ങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളേയും ഏജൻസികളേയും ഏകോപിപ്പിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ശുചിത്വ മാലിന്യ സംസ്കരണം, ജലസംര ക്ഷണം എന്നീ ഉപമിഷനുകളുമായി ബന്ധപ്പെട്ട പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ (ഹരിതനിയമങ്ങൾ) നടപ്പിലാക്കുക എന്നത് മിഷൻ പ്രവർത്തനങ്ങളുടെ വേഗതയും വ്യാപ്തിയും വർദ്ധിപ്പിക്കുന്നതിനും സുസ്ഥിരത ഉറപ്പാക്കുന്നതിനും അനിവാര്യമാണ്.

ജലമലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം, വായു മലിനീ കരണ (നിവാരണവും നിയന്ത്രണവും) നിയമം, പരിസ്ഥിതി (സംരക്ഷണ) നിയമം, കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പാലിറ്റി നിയമം, കേരള ജലസേചന നിയമം, ഭക്ഷ്യസുരക്ഷാ നിയമം, ദേശീയ ഹരിത ട്രൈബ്യൂണൽ ആക്ട്, ഇന്ത്യൻ പീനൽ കോഡ്, കേരള പോലീസ് ആക്ട്, എന്നിവയും അനുബന്ധ ചട്ടങ്ങളും നിർദ്ദേ ശിക്കുന്ന നിയമ നടപടികൾ കൂടി കർശനമാക്കിയാലേ ഹരിതകേരളം മിഷൻ ലക്ഷ്യ മിടുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയൂ.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, പോലീസ് വകുപ്പ്, ഭക്ഷ്യസുരക്ഷാവകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയ വകുപ്പുകളും ഏജൻസികളുമാണ് പ്രസ്തുത നിയമനടപടികൾക്കുള്ള നടപടി കൾ സ്വീകരിക്കേണ്ടത്. വ്യത്യസ്ത നിയമങ്ങളും ചട്ടങ്ങളും ബന്ധപ്പെട്ടു കിടക്കുന്ന പ്രവർത്തനമായതിനാലും വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോ പനം അനിവാര്യമായതിനാലും പലപ്പോഴും ഇത്തരം നിയമനടപടികൾക്കുള്ള ശ്രമങ്ങൾ പരിമിതപ്പെട്ടുപോകാറുണ്ട്. ഇതിന് പരിഹാരമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർക്ക് ഇതു സംബന്ധിച്ച് വിശദമായ പരിശീലനം നൽകി അവരെ നിയമ നടപടികൾ സ്വീകരിക്കുന്നതിന് പ്രാപ്തരാക്കുവാൻ വേണ്ടി കിലയുമായി ചേർന്ന് കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അഥോറിറ്റിയുടെ സഹകരണത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടൊപ്പം പൊതു ജനങ്ങൾക്ക് ഇതു സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും നിയമലംഘനങ്ങൾ ചൂണ്ടിക്കാണിക്കാൻ പ്രേരണ നൽകുന്ന തിനും ലക്ഷ്യമിട്ടുള്ള ബഹുജന നിയമബോധവത്കരണ പ്രവർത്തനവും ലക്ഷ്യമിടു ന്നു. ഈ ലക്ഷ്യങ്ങൾ നിറവേറ്റാൻ ലക്ഷ്യമിട്ടാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയി ട്ടുള്ളത്.

# ശുചിത്വമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങളിൽ നടപടി സ്വീകരിക്കേണ്ടതിന്റെ അനിവാര്യത

ഹരിതകേരളം മിഷന്റെ കാഴ്ചപ്പാടിൽ വിലയിരുത്തിയാൽ ചുവടെ പറയുന്ന നിയമ ലംഘനങ്ങളാണ് പരിസ്ഥിതിക്കും പൊതുജനാരോഗ്യത്തിനും ജീവജാലങ്ങളുടെ നിലനിൽപ്പിനും ഭീഷണിയാകാൻ ഇടയുള്ളത്.

## 1. ഖരമാലിന്യം

### 1.1 വലിച്ചെറിയൽ

(a)പൊതുസ്ഥലങ്ങളിലേയ്ക്ക് വലിച്ചെറിയൽ
(b)സ്വകാര്യ സ്ഥലങ്ങളിൽ വലിച്ചെറിയൽ
(c)വനപ്രദേശങ്ങൾ പോലെയുള്ള പാരിസ്ഥിതിക ദുർബല പ്രദേശങ്ങളിലേയ്ക്ക് വലിച്ചെറിയൽ
(d)നദികൾ, തോടുകൾ, കുളങ്ങൾ, കായലുകൾ, കടലുകൾ തുടങ്ങിയ ജലാശയങ്ങളിലേയ്ക്കോ ജലസ്രോതസ്സുകളിലേയ്ക്കോ വലിച്ചെറിയൽ

**ജൈവമാലിന്യങ്ങൾ, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവമാലിന്യങ്ങൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ(e-waste), ആശുപത്രിമാലിന്യങ്ങൾ, അപകടകരമായ മാലിന്യങ്ങൾ, കെട്ടിടങ്ങൾ പൊളിക്കുമ്പോഴുള്ള മാലിന്യങ്ങൾ തുടങ്ങി വ്യത്യസ്ത മാലിന്യങ്ങൾ ഇപ്രകാരം വിവിധ സ്ഥലങ്ങളിൽ പരിസ്ഥിതിക്കും ആരോഗ്യത്തിനും ഹാനികരമാകും വിധത്തിൽ വലിച്ചെറിയപ്പെടാറുണ്ട്. തെരുവുനായ്ക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധന, പകർച്ചവ്യാധി വ്യാപനം, കടൽ/ജല ആവാസ വ്യവസ്ഥയുടെ തകർച്ച, ഗുരുതരമായ രോഗങ്ങൾക്ക് വഴിവെക്കൽ തുടങ്ങി നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ ഇത്തരം പ്രവൃത്തികൾ കർശനമായി തടയേണ്ടതുണ്ട്.**

### 1.2 കത്തിക്കൽ

(a)പൊതുസ്ഥലങ്ങളിൽ കത്തിക്കൽ
(b)സ്വന്തം സ്ഥലത്ത് കത്തിക്കൽ
(c)ഓഫീസുകളിലും സ്ഥാപനങ്ങളിലും കത്തിക്കൽ

**ജൈവ മാലിന്യങ്ങൾ, അജൈവ മാലിന്യങ്ങൾ, ആശുപത്രി മാലിന്യങ്ങൾ, അപകടകരമായ മാലിന്യങ്ങൾ എന്നിവ വെവ്വേറെയും കൂട്ടിക്കലർത്തിയും ഇപ്രകാരം കത്തിക്കാറുണ്ട്. ഇവ കത്തിക്കുമ്പോഴുണ്ടാകുന്ന വിഷവാതകങ്ങൾ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നവയാണ്. കത്തുമ്പോഴുണ്ടാകുന്ന മിക്ക**

**വാതകങ്ങളും ആഗോളതാപനത്തിന്റെ ആക്കം കൂട്ടുന്നവയുമാണ്. കരിയിലയും ചപ്പുചവറുകലും കൂട്ടിയിട്ട് കത്തിക്കുമ്പോൾ അവയിൽ അപകടകരമായ ഘനലോഹങ്ങൾ ഉൾപ്പെടെ ഉൾപ്പെടാനും അതുവഴി ഗുരുതരമായ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാനും ഇടയുണ്ട്. ഇക്കാരണങ്ങളാൽ ഇത്തരം പ്രവൃത്തികൾ കർശനമായി തടയേണ്ടതുണ്ട്.**

**1.3 അശാസ്ത്രീയമായി സംസ്കരിക്കൽ**

(a)വീടുകളിൽ
(b)സമ്മേളന ഹാളുകളിൽ
(c)സ്ഥാപനങ്ങളിൽ
(d)ഫ്ളാറ്റുകളിൽ
(e)ആശുപത്രികളിൽ

**ജൈവ അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുകയോ കത്തിക്കുകയോ ചെയ്യുന്നതുപോലെ അപകടകരമാണ് അശാസ്ത്രീയമായ രീതിയിൽ അവയെ സംസ്കരിക്കുന്നതും. ഓരോ ഇനം മാലിന്യത്തിന്റെയും ശരിയായ സംസ്കരണ രീതികളെക്കുറിച്ചുള്ള അജ്ഞതകൊണ്ടും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിനുള്ള ഉപാധികളുടെയും സൗകര്യങ്ങളുടെയും അഭാവം നിമിത്തവും ബോധപൂർവ്വമായും അശാസ്ത്രീയവും അപകടകരവുമായ മാലിന്യസംസ്കരണ രീതികൾ അനുവർത്തിക്കപ്പെടാറുണ്ട്. ഇവ പരിസ്ഥിതിക്കും മണ്ണിനും ജലത്തിനും അപകടകരമായതിനാൽ കർശനമായി തടയേണ്ടതുണ്ട്. മാലിന്യസംസ്കരണ ഉപാധികളെപ്പറ്റി അറിവില്ലാത്തവർക്കും സൗകര്യങ്ങൾ ലഭ്യമല്ലാത്തവർക്കും അത്തരം സൗകര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കേണ്ടതുമുണ്ട്.**

## 2. ദ്രവമാലിന്യം

**2.1 അലക്ഷ്യമായും അപകടകരമായും ഒഴുക്കിവിടൽ**

(a)വീടുകളിൽ നിന്നുള്ള ഗ്രേവാട്ടർ ഒഴുക്കിവിടൽ
(b)വീടുകളിൽ നിന്നുള്ള കക്കൂസ് മാലിന്യം ഒഴുക്കിവിടൽ
(c)ഫാക്ടറികളിൽ നിന്നും വ്യവസായ സ്ഥാപനങ്ങളിൽ നിന്നുമുള്ള മാലിന്യങ്ങൾ ഒഴുക്കി വിടൽ
(d)ഹോട്ടലുകൾ, റസ്റ്റാറന്റുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ഒഴുക്കിവിടൽ
(e)ആശുപത്രി മാലിന്യങ്ങൾ ഒഴുക്കിവിടൽ
(f)ഫ്ളാറ്റുകളിൽ നിന്നുള്ള മാലിന്യങ്ങൾ ഒഴുക്കിവിടൽ

**ജലാശയങ്ങളേയും ജലസ്രോതസ്സുകളേയും മലിനമാക്കുന്നതിൽ ഏറ്റവും പ്രധാന പങ്കുവഹിക്കുന്നത് അവയിലേക്ക് ഒഴുക്കിവിടുന്ന ദ്രവമാലിന്യങ്ങളാണ്.**

**കുടിവെള്ളം മലിനമാകൽ, ജലജീവികളുടെ വംശനാശം തുടങ്ങി ഒട്ടേറെ പ്രശ്നങ്ങൾ ഇതുമൂലം ഉണ്ടാകുന്നതിനാൽ ഇത്തരം പ്രവൃത്തികൾ കർശനമായി തടയേണ്ടതുണ്ട്. ദ്രവമാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിഗണിക്കേണ്ടി വരും.**

**2.2 മലിന ജല സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കാതിരിക്കൽ**

(a)ആശുപത്രികളിൽ

(b)ഫാക്ടറികളിലും വ്യവസായ സ്ഥാപനങ്ങളിലും

(c) ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, മലിനജലം സൃഷ്ടിക്കുന്ന വ്യാപാരസ്ഥാപനങ്ങൾ

(d)ഫ്ളാറ്റുകൾ

(e)വീടുകൾ

**ഓരോ ഇനം നിർമ്മിതിയോടൊപ്പവും ഉറപ്പാക്കേണ്ട മലിനജല സംസ്കരണ സംവിധാനങ്ങൾ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന് വിരുദ്ധമായ നിർമ്മിതികൾ നടത്തുന്നത് നിമിത്തമാണ് പലപ്പോഴും ജലസ്രോതസ്സുകളുടെ മലിനീകരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നത്. കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ നിബന്ധനകൾ കൃത്യമായി പാലിച്ചാൽ വലിയതോതിൽ മലിനീകരണം തടയാൻ കഴിയും. ഇതിനായി നിയമലംഘകർക്കെതിരെ കർശന നടപടി സ്വീകരിക്കേണ്ടതുണ്ട്.**

## 3. ഇറച്ചി മാലിന്യം

(a)സംസ്കരണ സംവിധാനങ്ങൾ ഒരുക്കാതിരിക്കൽ

(b) വലിച്ചെറിയൽ

**കേരളത്തിലെ പൊതുസ്ഥലങ്ങളുടേയും ജലസ്രോതസ്സുകളുടേയും മലിനീകരണത്തിൽ വലിയ പങ്കുവഹിക്കുന്ന ഒരു ഇനമാണ് ഇറച്ചിമാലിന്യം. കശാപ്പുശാലകളിലും ചിക്കൻ കട്ടിംഗ് സെന്ററുകളിലും വ്യാപാരസ്ഥലങ്ങളിലും ശരിയായ മാലിന്യ സംസ്കരണ സംവിധാനം ഒരുക്കാത്തതാണ് ഈ പ്രശ്നത്തിനുകാരണം. മറ്റാവശ്യങ്ങൾക്കായി ഇറച്ചി മാലിന്യം കൊണ്ടുപോകുമ്പോൾ പോലും അവയിലെ ഉപയോഗയോഗ്യമല്ലാത്ത ഭാഗങ്ങൾ റോഡിലോ ജലസ്രോതസ്സുകളിലോ വലിച്ചെറിയപ്പെടാറുണ്ട്. കുടിവെള്ള സ്രോതസ്സുകളുടെ വലിയ തോതിലുള്ള മലിനീകരണത്തിനും അതുവഴി ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്കും വഴിവെക്കുന്ന ഈ പ്രവൃത്തികൾ കർശനമായി തടയേണ്ടതുണ്ട്.**

### 4. കക്കൂസുകൾ, ശുചിത്വ സംവിധാനങ്ങൾ എന്നിവ മതിയായ എണ്ണം നിർമ്മിക്കാതിരിക്കലും പരിപാലിക്കാതിരിക്കലും

(a)തൊഴിലിടങ്ങളിൽ പണിയെടുക്കുന്ന ആൾക്കാരുടെ എണ്ണത്തിന് ആവശ്യമായ ശുചിമുറികൾ നിർമ്മിക്കാതിരിക്കൽ

(b)ഓഫീസുകളിൽ ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ ഒരുക്കാതിരിക്കൽ

(c)സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ ഒരുക്കാതിരിക്കൽ

(d)തൊഴിലാളികളെ പാർപ്പിച്ചിരിക്കുന്ന സ്ഥലങ്ങളിൽ മതിയായ എണ്ണം ശുചിമുറികൾ ഒരുക്കാതിരിക്കൽ

(e)ഹോസ്റ്റലുകളിൽ അന്തേവാസികളുടെ എണ്ണത്തിന് ആനുപാതികമായി ശുചിമുറികൾ ഒരുക്കാതിരിക്കൽ

(f)സമ്മേളനാവശ്യങ്ങൾക്കുള്ള സ്ഥലങ്ങളിൽ ആവശ്യത്തിന് ശുചിമുറികൾ ഒരുക്കാതിരിക്കൽ

**ആവശ്യമായ ശുചിമുറികൾ ഒരുക്കാതിരിക്കുന്നതും ശുചിമുറികൾ ശരിയായി പരിപാലിക്കാതിരിക്കുന്നതും വലിയ മാലിന്യ പ്രശ്നത്തിനും അതിലൂടെ ആരോഗ്യ പ്രശ്നത്തിനും വഴിയൊരുക്കാറുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങളിലുൾപ്പെടെ ഇതു സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾ പാലിക്കാത്തതുകൊണ്ടാണ് ഇതു സംഭവിക്കുന്നത്. ഇതുതടയുന്നതിനായി ഇതുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പാക്കേണ്ടതുണ്ട്.**

### 5. ഭക്ഷണപദാർത്ഥങ്ങളുമായി ബന്ധപ്പെട്ട മാലിന്യ പ്രശ്നങ്ങൾ

(a)മലിനീകൃതമായ സാഹചര്യങ്ങളിൽ നിർമ്മിക്കുകയോ സൂക്ഷിക്കുകയോ വിതരണം ചെയ്യുകയോ കച്ചവടം നടത്തുകയോ ചെയ്യൽ

(b)ഭക്ഷണപദാർത്ഥങ്ങളിൽ ആരോഗ്യത്തിന് അപകടകരമായ വസ്തുക്കൾ ചേർക്കൽ

(c)പഴകിയ ഭക്ഷണപദാർത്ഥങ്ങൾ സൂക്ഷിക്കലും വിൽപ്പന നടത്തലും

**ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുന്ന സ്ഥലവും കൈകാര്യംചെയ്യുന്ന സ്ഥലവും വിൽപ്പന നടത്തുന്ന സ്ഥലവും മാലിന്യ മുക്തമായിരിക്കണം. ഇതിനു വിരുദ്ധമായി നടക്കുന്നതു നിമിത്തം പലപ്പോഴും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാറുണ്ട്. ഭക്ഷണപദാർത്ഥങ്ങളിൽ മായം കലർത്തുന്നതും പഴകിയ ഭക്ഷണസാധനങ്ങൾ വിൽപ്പന നടത്തുന്നതും ഒരുതരത്തിൽ മാലിന്യ പ്രശ്നങ്ങൾ തന്നെയാണ്. ഇവയും വലിയ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നവയാണ്. ഇത്തരം പ്രവൃത്തികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കേണ്ടതുണ്ട്.**

## 1. ജീവന് അപകടകരമാവുന്ന പ്രവൃത്തികൾ

**നിയമങ്ങളിലും ചട്ടങ്ങളിലും നിർദ്ദേശിച്ചിരിക്കുന്നതിന് വിരുദ്ധമായി അശ്രദ്ധയോടെയോ, ജീവന് അപകടകരമാവുന്ന പകർച്ചവ്യാധി വ്യാപനത്തിന് ഇടയാവും വിധമോ ഉള്ള പ്രവൃത്തികൾ ഇന്ത്യൻ പീനൽ കോഡ് വകുപ്പ് 269 പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കാതിരിക്കൽ, ജലസ്രോതസ്സുകളിലേയ്ക്ക് വലിച്ചെറിയൽ, മലിനജലം കെട്ടിക്കിടക്കാൻ അവസരമൊരുക്കൽ, മലിനജലം ഓടയിലേയ്ക്കും ജലസ്രോതസ്സുകളിലേയ്ക്കും ഒഴുക്കിവിടൽ തുടങ്ങിയവയെല്ലാം ഈ ഇനത്തിൽ പരിഗണിക്കാവുന്ന കൃത്യങ്ങളാണ്.

- അശ്രദ്ധയോടെയോ പകർച്ചവ്യാധി വ്യാപനത്തിന് ഇടയാവുംവിധമോ ഉള്ള പ്രവൃത്തികൾക്ക് 6 മാസം വരെ നീളാവുന്ന തടവോ, പിഴയോ രണ്ടുംകൂടിയോ ശിക്ഷലഭിക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: ഇന്ത്യൻ പീനൽകോഡ്, വകുപ്പ് 269
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : സബ്ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം** : വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി പോലീസിന് കൈമാറേണ്ടതാണ്.

## 2. അന്തരീക്ഷത്തെ വിഷമയമാക്കുന്ന പ്രവൃത്തികൾ

**ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാവുംവിധം അന്തരീക്ഷത്തെ വിഷമയമാക്കുന്ന പ്രവൃത്തികൾ ഇന്ത്യൻ പീനൽകോഡ് 278 പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ കത്തിക്കൽ, ആശുപത്രി മാലിന്യങ്ങൾ സുരക്ഷിതമായി സംസ്കരിക്കാതിരിക്കൽ, കീടനാശിനികളുടെ പാത്രങ്ങൾ അലക്ഷ്യമായി സൂക്ഷിക്കലും ഉപേക്ഷിക്കലും, ഇ-മാലിന്യങ്ങൾ അലക്ഷ്യമായി സൂക്ഷിക്കൽ തുടങ്ങിയവയെല്ലാം ഈ ഇനത്തിലുള്ള പ്രവൃത്തികളായി പരിഗണിക്കാവുന്നതാണ്.

- ഒരു പ്രദേശത്ത് താമസിക്കുന്നതോ ജീവിക്കുന്നതോ പ്രവൃത്തികളിലേർപ്പെട്ടിരിക്കുന്നതോ പൊതു വഴിയിലൂടെ സഞ്ചരിക്കുന്നതോ ആയ ജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകുംവിധം അന്തരീക്ഷത്തെ വിഷമയമാക്കുന്ന പ്രവൃത്തികൾ സ്വമേധയാ ചെയ്യുന്നവരെ 500 രൂപ പിഴയ്ക്ക് ശിക്ഷിക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: ഇന്ത്യൻ പീനൽ കോഡ്, വകുപ്പ് 278
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം** : വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി പോലീസിന് കൈമാറേണ്ടതാണ്.

## 3. ഖരമാലിന്യങ്ങൾ കൈയൊഴിയൽ

**ഖരമാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിക്കുകയും തദ്ദേശ ഭരണസ്ഥാപനത്തിന്റെ നിർദ്ദേശാനുസരണം കൈയ്യൊഴിയുകയും ചെയ്തില്ലെങ്കിൽ ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4(1), പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15 എന്നിവ പ്രകാരം ശിക്ഷാർഹമാണ്.**

വീടുകൾ, കച്ചവട സ്ഥാപനങ്ങൾ, ഓഡിറ്റോറിയങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ, ഫ്ളാറ്റുകൾ, റിസോർട്ടുകൾ, ഓഫീസുകൾ, തീർത്ഥാടന സ്ഥലങ്ങൾ, ചരിത്രപ്രാധ്യമുള്ള സ്ഥലങ്ങൾ, റെയിൽവേസ്റ്റേഷനുകൾ, എയർപോർട്ടുകൾ തുടങ്ങി മാലിന്യങ്ങൾ സൃഷ്ടിക്കപ്പെടുന്ന എല്ലാ സ്ഥലങ്ങളിലും അതിന് ഉത്തരവാദപ്പെട്ടവർ അവയെ തരം തിരിച്ച് സംസ്കരിക്കേണ്ടതാണ്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന അധികാരികളുടെയോ പൊതുജനാരോഗ്യ അധികാരികളുടെയോ മലിനീകരണ നിയന്ത്രണ ബോർഡിന്റെയോ നിർദ്ദേശാനുസരണം മാലിന്യങ്ങൾ സംസ്കരണത്തിന് കൈമാറാൻ തയ്യാറായില്ലെങ്കിൽ ഈയിനത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

- ഖരമാലിന്യം ഉണ്ടാക്കുന്ന ഏതൊരാളും അത്തരം മാലിന്യങ്ങളെ ജൈവം, അജൈവം, അപകടകരമായ ഗാർഹിക മാലിന്യം എന്നിങ്ങനെ തരം തിരിച്ച് അനുയോജ്യമായ വീപ്പകളിൽ സൂക്ഷിക്കുകയും

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിർദ്ദേശാനുസരണം കൊയ്യൊഴിയുകയും ചെയ്യാതിരുന്നാൽ 5 വർഷം വരെ നീളാവുന്ന തടവോ, ഒരുലക്ഷം രൂപ വരെ പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.

- ബാധകമാകുന്ന നിയമം/ചട്ടം: ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4(1), പരിസ്ഥിതി (സംരക്ഷണ) നിയമം 1986 വകുപ്പ് 15
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം** : വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയ്ക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗര സഭാ സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡിന് കൈമാറേണ്ടതാണ്.

## 4. ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരിക്കൽ

**വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ തുടങ്ങിയ സ്ഥലങ്ങളിലെ മാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരിക്കുന്നത് കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 വി (1), കേരള മുനിസിപ്പൽ ആക്ട് 1994, വകുപ്പ് 334എ എന്നിവ പ്രകാരം ശിക്ഷാർഹമാണ്.**

കച്ചവട സ്ഥാപനങ്ങളിലെ ജൈവ മാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരിക്കൽ, അജൈവ മാലിന്യങ്ങൾ (പ്ലാസ്റ്റിക് ഉൾപ്പെടെ) കൂട്ടിയിട്ട് കത്തിക്കൽ, ആശുപത്രികളിലെ ഖരമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാതിരിക്കൽ, ചന്തകളിലെ വിവിധതരം ഖരമാലിന്യങ്ങൾ ശരിയായി സംസ്കരിക്കാതിരിക്കൽ, അറവുശാലകളിൽ മാലിന്യസംസ്കരണ സംവിധാനം ഒരുക്കാതിരിക്കൽ, ചിക്കൻ സ്റ്റാളുകളിലെ മാലിന്യം സംസ്കരിക്കാൻ സംവിധാനം ഒരുക്കാതിരിക്കുകയോ, അംഗീകാരമില്ലാത്ത ഏജൻസികൾക്ക് കൈമാറുകയോ ചെയ്യൽ, കല്യാണമണ്ഡപങ്ങളിലെ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കൽ, കാറ്ററിംഗ് സ്ഥാപനങ്ങളിലെ ഭക്ഷണാവശിഷ്ടങ്ങളും പ്ലാസ്റ്റിക്കും ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് സംവിധാനം ഒരുക്കാതിരിക്കൽ ഗ്രാമങ്ങളിൽ 100 $m^2$ കൂടുതലും നഗരങ്ങളിൽ 400 $m^2$ കൂടുതലും തറവിസ്തീർണ്ണമുള്ള വീടുകളിലും ബഹുനില കെട്ടിടങ്ങളിലും ഖരമാലിന്യ സംസ്കരണ സംവിധാനം ഒരുക്കാതിരിക്കൽ എന്നിവയെല്ലാം ഈ വിഭാഗത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

- വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യ സ്റ്റാളുകൾ, കല്യാണ മണ്ഡപങ്ങൾ, ഫ്ളാറ്റുകളും ബഹുനില കെട്ടിടങ്ങളും, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, ഗ്രാമപഞ്ചായത്തുകളിലെ 100 $m^2$ ൽ കൂടുതലും നഗരസഭകളിൽ 400 $m^2$ ൽ കൂടുതലും തറ വിസ്തീർണ്ണമുള്ള വീടുകൾ, ഗ്രാമപഞ്ചായത്ത്/നഗരസഭ വിജ്ഞാപനം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥർ/നടത്തിപ്പോ നിയന്ത്രണമോ ചുമതലയുള്ള ആൾ, അത്തരം കെട്ടിടങ്ങളിൽ/ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ, മലിനജലം എന്നിവ ശരിയായി സംസ്കരിക്കാതിരിക്കൽ, ഓടകളിലേയ്ക്ക് ഒഴുക്കിവിടൽ എന്നിവയ്ക്ക് കുറ്റസ്ഥാപനത്തിൻമേൽ 6 മാസത്തിൽ കുറയാത്തതും ഒരു വർഷം വരെ ആകാവുന്നതുമായ തടവോ, 10000 രൂപയിൽ കുറയാത്തതും 50000 രൂപയിൽ കവിയാത്തതുമായ പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 വി, കേരള മുനിസിപ്പൽ ആക്ട് 1994, വകുപ്പ് 334 എ.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം:** വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി പിഴ ഈടാക്കി നടപടി സ്വീകരിച്ച് രാജിയാക്കുകയോ കൂടുതൽ നടപടികൾക്ക് പോലീസിന് കൈമാറുകയോ ചെയ്യേണ്ടതാണ്.

## 5. ഖരമാലിന്യങ്ങൾ വലിച്ചെറിയൽ, കത്തിക്കൽ

**ഖരമാലിന്യങ്ങൾ വലിച്ചെറിയുകയോ, കുഴിച്ചുമൂടുകയോ കത്തിക്കുകയോ ചെയ്യുന്നത് പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15 പ്രകാരം ശിക്ഷാർഹമാണ്.**

ജൈവമാലിന്യങ്ങൾ നേരിട്ടോ കവറിലാക്കിയോ പൊതുവഴികളിലേയ്ക്കും പൊതുജലാശയങ്ങളിലേയ്ക്കും വലിച്ചെറിയൽ, അജൈവമാലിന്യങ്ങൾ തരം തിരിച്ച് സൂക്ഷിച്ച് സംസ്കരണത്തിന്

കൈമാറാതിരിക്കൽ, പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കൽ, പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ കുഴിച്ചുമൂടൽ, ഘന ലോഹങ്ങൾ ഉൾപ്പെ ടെയുള്ള ചപ്പുചവറുകൾ കൂട്ടിയിട്ട് കത്തിക്കൽ തുടങ്ങിയവയെല്ലാം ഈയിനത്തിൽ പരിഗണിക്കാവുന്നതാണ്.

- ഖരമാലിന്യങ്ങൾ തെരുവിലേയ്ക്കോ പൊതു സ്ഥലങ്ങളിലേയ്ക്കോ ഓടകളിലേയ്ക്കോ ജലസ്രോതസ്സുകളിലേയ്ക്കോ വലിച്ചെറിയുകയോ അനുവദനീയമല്ലാത്തവിധം കുഴിച്ചുമൂടുകയോ ചെയ്താൽ 5 വർഷം വരെ നീളാവുന്ന തടവോ, ഒരു ലക്ഷംവരെയുള്ള പിഴയോ, രണ്ടും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4(2), പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം**: വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡിന് കൈമാറേണ്ടതാണ്.

## 6. 100 പേരിൽ കൂടുതൽ ഒത്തുചേരുന്ന സ്ഥലങ്ങളിലെ ഖരമാലിന്യസംസ്കരണം

**നൂറു പേരിൽ കൂടുതൽ ഒത്തുചേരുന്ന സ്ഥലങ്ങളിൽ ഉണ്ടാകുന്ന ഖരമാലിന്യം ശരിയായ രീതിയിൽ തരം തിരിച്ച് നിർമ്മാർജ്ജനം ചെയ്യാതിരുന്നാൽ ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4(4), പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15 എന്നിവ പ്രകാരം ശിക്ഷാർഹമാണ്.**

വിവാഹം, ഗൃഹപ്രവേശം തുടങ്ങി ആൾക്കാരെ ക്ഷണിച്ച് നടത്തുന്ന എല്ലാത്തരം സൽകാരങ്ങളുടെയും സാമൂഹ്യമായ എല്ലാ ഒത്തുചേരലുകളുടെയും ഭാഗമായി രൂപപ്പെടുന്ന മാലിന്യങ്ങളെ തരം തിരിച്ച് സുരക്ഷിതമായി നിർമ്മാർജ്ജനം ചെയ്യാതിരിക്കൽ, ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കാതെ അന്നദാനങ്ങളും സൽകാരങ്ങളും നടത്തുകയും അതിലൂടെ ഉണ്ടാകുന്ന മാലിന്യങ്ങൾ ശരിയായി കൈയ്യൊഴിയുകയോ സംസ്കരിക്കപ്പെടുകയോ ചെയ്യാതിരിക്കൽ തുടങ്ങിയവ ഈ ഇനത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

- ലൈസൻസില്ലാത്ത സ്ഥലത്ത് നൂറുപേരിൽ കൂടുതൽ പങ്കെടുക്കുന്ന ഏതൊരു ഒത്തു ചേരലും 3 പ്രവൃത്തി ദിനങ്ങൾക്കു മുമ്പെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് അറിയിപ്പ് നൽകാതെ നടത്തുകയോ, അപ്രകാരം നടത്തുന്ന ഒത്തുചേരലുകളുടെ സംഘാടകർ ഉറവിടത്തിൽ തന്നെ മാലിന്യങ്ങൾ തരംതിരിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനത്തന്റെ നിർദ്ദേശാനുസരണം അവ കയ്യൊഴിയുന്നതിനും നടപടി സ്വീകരിക്കാതിരിക്കുകയോ ചെയ്താൽ 5 വർഷം വരെ നീളാവുന്ന തടവോ, ഒരുലക്ഷം രൂപ വരെയുള്ള പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4(4), പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം:** വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡിന് കൈമാറേണ്ടതാണ്.

## 7. തെരുവു കച്ചവടങ്ങളിലെ ഖരമാലിന്യം

**തെരുവു കച്ചവടം നടത്തുന്നവർ അവിടങ്ങളിൽ രൂപപ്പെടുന്ന മാലിന്യങ്ങൾ പ്രത്യേകം പാത്രങ്ങളിൽ സൂക്ഷിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണം കയ്യൊഴിയുകയും ചെയ്തില്ലെങ്കിൽ ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം4(5) പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15 പ്രകാരം ശിക്ഷാർഹമാണ്.**

തട്ടുകടകൾ, വഴിയോര കരിക്കു കച്ചവടം, വഴിയോര പഴം/പച്ചക്കറിക്കട തുടങ്ങിയവ നടത്തുന്നവർ, ഡിസ്പോസബിൾ വസ്തുക്കൾ ഉപയോഗിക്കുകയോ അവിടങ്ങളിൽ സൃഷ്ടിക്കുന്ന വിവിധയിനം മാലിന്യങ്ങൾ, അഴുകുന്നവയും അല്ലാത്തവയും പ്ലാസ്റ്റിക്കും ഉൾപ്പെടെയുള്ള മാലിന്യങ്ങൾ തരംതിരിച്ച് ജീർണ്ണിക്കുന്നവയും ജീർണ്ണിക്കാത്തവയും പ്രത്യേകം സംഭരണികളിൽ സൂക്ഷിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിർദ്ദേശാനുസരണം സൂക്ഷിക്കുകയും കയ്യൊഴിയുകയും ചെയ്യണമെന്ന നിബന്ധന പാലിക്കാതിരിക്കുകയോ ചെയ്താൽ ഈയിനത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

- തെരുവുകച്ചവടം നടത്തുന്നവർ, അതാതിതടങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന ഭക്ഷണമാലിന്യം, ഡിസ്പോസബിൾ പ്ലേറ്റുകൾ കപ്പുകൾ, കാനുകൾ, റാപ്പറുകൾ, കരിക്കിൻ തൊണ്ടുകൾ, ചിരട്ട, പച്ചക്കറികൾ, പഴങ്ങൾ, പ്ലാസ്റ്റിക് തുടങ്ങിയ ജീർണ്ണിക്കുന്നവയും ജീർണ്ണിക്കാത്തവയും ആയ മാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് അനുയോജ്യമായ സംഭരണികൾ പ്രത്യേകം പ്രത്യേകമായി സൂക്ഷിക്കുകയും അവയിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിർദ്ദേശാനുസരണം നിർമ്മാർജ്ജനം ചെയ്യുകയും ചെയ്തില്ലെങ്കിൽ 5 വർഷം വരെ നീളാവുന്ന തടവോ, ഒരുലക്ഷം രൂപവരെയുള്ള പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4(5), പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം:** വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർക്ക് കൈമാറേണ്ടതാണ്.

## 8. ഗേറ്റഡ് കോളനികളിലേയും സ്ഥാപനങ്ങളിലേയും ഖരമാലിന്യം

**ഗേറ്റഡ് കോളനികളിലും സ്ഥാപനങ്ങളിലും ചട്ടപ്രകാരം മാലിന്യ സംസ്കരണ സംവിധാനം ഒരുക്കാതിരിക്കൽ ഖരമാലിന്യ പരിപാലന ചട്ടം 4(7) പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15 എന്നിവ പ്രകാരം ശിക്ഷാർഹമാണ്.**

പാർപ്പിടസമുച്ചയങ്ങൾ, ഫ്ളാറ്റുകൾ ഗേറ്റഡ് കോളനികൾ, വ്യവസായ ശാലകൾ തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യസംസ്കരണ സംവിധാനം ഒരുക്കാതിരിക്കൽ, സുരക്ഷിതമല്ലാതെ മാലിന്യം കയ്യൊഴിയൽ തുടങ്ങിയവ നടത്തുന്നതായി ശ്രദ്ധയിൽപെട്ടാൽ ഈ വിഭാഗത്തിൽ പരിഗണിക്കാവുന്നതാണ്.

- 5000 ച. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഗേറ്റഡ് കോളനികളിലും സ്ഥാപനങ്ങളിലും ചട്ടങ്ങളിൽ നിർദ്ദേശിച്ചപ്രകാരം മാലിന്യങ്ങൾ ഉറവിടത്തിൽ തരം തിരിക്കുന്നതിനുള്ള സംവിധാനം, സംസ്കരിക്കുന്നതിനുള്ള സംവിധാനം എന്നിവ ഒരുക്കാതിരുന്നാൽ 5 വർഷം വരെ നീളാവുന്ന തടവോ, ഒരുലക്ഷം രൂപ വരെയുള്ള പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: ഖര മാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4(7), പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : മലിനീകരണ നിയന്ത്രണ ബോർജ് ജില്ലാ ഓഫീസർ
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം** : വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർക്ക് കൈമാറേണ്ടതാണ്.

## 9. ജൈവ, അജൈവ ഖരമാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കൽ

**ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും ജൈവ-അജൈവമാലിന്യങ്ങളെ തരം തിരിച്ച് സംസ്കരിക്കാൻ സംവിധാനം ഒരുക്കിയില്ലെങ്കിൽ ഖരമാലന്യ പരിപാലന ചട്ടം 4 (8), പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15 എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, റിസോർട്ടുകൾ, ഹോം സ്റ്റേകൾ തുടങ്ങി ആളുകൾ ഒത്തുചേരുകയോ ഭക്ഷണം കഴിക്കുകയോ താമസിക്കുകയോ ചെയ്യുന്ന സ്ഥലങ്ങളിൽ മാലിന്യങ്ങളെ ഉറവിടത്തിൽ തരം തിരിക്കുന്നതിന് സംവിധാനം ഒരുക്കാതിരിക്കൽ, ജൈവ മാലിന്യങ്ങളെ അവിടത്തന്നെ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയോ നിർദ്ദേശാനുസരണം കയ്യൊഴിയാതിരിക്കുകയോ ചെയ്യൽ, അജൈവ മാലിന്യങ്ങളെ അംഗീകൃത സംവിധാനങ്ങൾക്ക് കൈമാറാതിരിക്കൽ എന്നിവ ഈയിനത്തിലെ കുറ്റങ്ങളായി പരിഗണിക്കാവുന്നതാണ്.

- എല്ലാ ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഖരമാലിന്യ പരിപാലന ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം തിരിക്കുന്നതിന് സംവിധാനം ഒരുക്കാതിരിക്കുകയും, ജൈവ മാലിന്യങ്ങളെ അംഗീകൃത സംവിധാനങ്ങൾക്ക് കൈമാറാതിരിക്കുകയും ചെയ്യൽ തുടങ്ങിയവയ്ക്ക് 5 വർഷം വരെ നീളാവുന്ന തടവോ, ഒരുലക്ഷ രൂപവരെയുള്ള പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: ഖരമാലിന്യ പരിപാലന ചട്ടങ്ങളിലെ ചട്ടം 4(8), പരിസ്ഥിതി (സംരക്ഷണ) നിയമം 1986, വകുപ്പ് 15
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം**: വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയ്ക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർക്ക് കൈമാറേണ്ടതാണ്.

## 10. ചവറുകൾ നീക്കം ചെയ്യാതിരിക്കൽ

**മാർക്കറ്റ്, കശാപ്പുശാല, ഹോട്ടൽ, റസ്റ്റോറന്റ് തുടങ്ങിയ സ്ഥലങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറിയുടെ നോട്ടീസ് അനുസരിക്കാതിരുന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 എച്ച് (1) കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 334(1) എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

ഭക്ഷണ പദാർത്ഥങ്ങളുടെ നിർമ്മാണം, സംഭരണം, വിൽപ്പന എന്നിവ നടക്കുന്ന മാർക്കറ്റുകൾ, കശാപ്പുശാലകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ഗൗഡൗണുകൾ തുടങ്ങിയ സ്ഥലങ്ങളിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്ന സാഹചര്യം ഉണ്ടായാൽ ഈ വിഭാഗത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

- ചവറും അസഹ്യതയുണ്ടാകുന്ന വസ്തുക്കളും മാലിന്യവും വാണിജ്യ വർജ്യവസ്തുക്കളും പ്രത്യേകമായ മാലിന്യങ്ങളും ആപത് കരമായ മാലിന്യങ്ങളും വലിയ അളവിൽ അടിഞ്ഞു കൂടിയിട്ടുള്ള ഫാക്ടറി, മാർക്കറ്റ്, കശാപ്പുശാല, ഹോട്ടൽ, ഭക്ഷണപ്പുര, റസ്റ്റോറന്റ്, ആശുപത്രി, നഴ്സിംഗ് ഹോം, പണ്ടകശാല, ഗോഡൗൺ അനേകം ആളുകൾ സങ്കേതമാക്കുന്ന സ്ഥലങ്ങൾ എന്നിവിടങ്ങളിൽ അവ നീക്കം ചെയ്യാനോ കൈയ്യൊഴിയാനോ ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി നോട്ടീസ് മുഖേന ആവശ്യപ്പെട്ടത് ലംഘിച്ചാൽ കുറ്റസ്ഥാപനത്തിൽ മേൽ 10000 രൂപവരെയുള്ള പിഴ ചുമത്തി ശിക്ഷിക്കാവുന്നതാണ്. കുറ്റസ്ഥാപനം നടത്തിയശേഷവും നിർദ്ദേശം അനുസരിക്കാതിരുന്നാൽ തുടർന്ന് കുറ്റം ചെയ്യുന്ന ഓരോ ദിവസവും 100 രൂപ നിരക്കിൽ അധികപിഴ ചുമത്തി ശിക്ഷിക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 219 എച്ച് (1) കേരള മുനി സിപ്പൽ ആക്ട് വകുപ്പ് 334 (1)
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം:** വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി നേരിട്ട് നടപടി എടുക്കുകയോ പോലീസിന് കൈമാറുകയോ ചെയ്യേണ്ടതാണ്.

## 11. ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന ഇടങ്ങളിലെ മാലിന്യം

**ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുകയോ, ശേഖരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്ന സ്ഥലങ്ങളിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടിയിട്ടുള്ളത് നീക്കം ചെയ്യുന്നത് അനുസരിക്കാതിരുന്നാൽ കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 334 (2), കേരള പഞ്ചായത്ത് ആക്ട് 1994, വകുപ്പ് 219 എച്ച് (2) എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

മാർക്കറ്റുകൾ, കശാപ്പുശാലകൾ, ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ഗോഡൗണുകൾ തുടങ്ങിയ സ്ഥലങ്ങളിലെ മാലിന്യങ്ങൾ നീക്കം ചെയ്യാൻ നിയമപ്രകാരം

നൽകിയ നോട്ടീസ് അനുസരിക്കാത്ത വരെ ഈയിനത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

- ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുകയോ, ശേഖരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്ന സ്ഥലങ്ങളിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടിയിട്ടുള്ളത് നീക്കം ചെയ്യുന്നത് സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 എച്ച് (1) കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 334 (1) എന്നിവ പ്രകാരം തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറി നൽകുന്ന നോട്ടീസ് അനുസരിക്കാതിരുന്നാൽ ഗ്രാമപഞ്ചായത്ത്/നഗരസഭ നേരിട്ട് പ്രസ്തുത മാലിന്യങ്ങൾ ഉടമസ്ഥന്റേയോ കൈവശക്കാരന്റേയോ നഷ്ടോത്തരവാദിത്വത്തിൽ നീക്കം ചെയ്തതിനുശേഷം ഗ്രാമപഞ്ചായത്ത്/നഗരസഭ നിശ്ചയിക്കുന്ന ചെലവ് ഉടമയിൽനിന്നോ കൈവശക്കാരനിൽനിന്നോ ഈടാക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 എച്ച് (2), കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 334 (2).
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം:** വ്യക്തികൾ,സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി നേരിട്ട് നടപടി എടുക്കുകയോ പോലീസിന് കൈമാറുകയോ ചെയ്യേണ്ടതാണ്.

## 12. തത്സമയ പിഴ ഈടാക്കൽ

**മാലിന്യങ്ങൾ പൊതു സ്ഥലങ്ങളിൽ ഇടുന്നത് കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 340 (1), (2) പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

ഏതെങ്കിലും തരത്തിലുള്ള മാലിന്യങ്ങൾ, ചവർ/മാലിന്യം കെട്ടിട നിർമ്മാണ അവശിഷ്ടങ്ങൾ തുടങ്ങിയവ അവ ശേഖരിക്കുന്നതിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള സ്ഥലങ്ങളിലല്ലാതെ വലിച്ചെറിയുന്ന എല്ലാ സംഭവങ്ങളും ഈ ഇനത്തിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കാവുന്നതാണ്.

- ചവറോ, മാലിന്യമോ, അവശിഷ്ടങ്ങളോ ഇടുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെടാത്ത ഏതെങ്കിലും പൊതുസ്ഥലത്ത് അവ ഇടുകയോ ഇടുവിക്കുകയോ ചെയ്താൽ തത്സമയം തന്നെ 250 രൂപയിൽ കവിയാത്ത തുക പിഴയായി ചുമത്താവുന്നതും അപ്രകാരം ചുമത്തിയ പിഴ 15 ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടച്ചില്ലെങ്കിൽ അയാളുടെ മേൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതും കുറ്റസ്ഥാപനത്തിൻമേൽ 2000 രൂപ വരെ പിഴചുമത്താവുന്നതുമാണ്. തുടർ ലംഘനത്തിന് ഓരോ ദിവസവും 500 രൂപ വീതം പിഴ ചുമത്താവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 340(1),(2).
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ**-നഗരസഭാ സെക്രട്ടറി/ അദ്ദേഹം ഇതിലേയ്ക്കായി പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം**-പൊതു ജനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ, ഇതര സംഘടനകൾ.

## 13. ജലസ്രോതസ്സുകൾ മലിനപ്പെടുത്തൽ

**ജലാശയങ്ങളെയോ ജലസ്രോതസ്സുകളെയോ ജല വിതരണ സംവിധാനങ്ങളെയോ മലിനപ്പെടുത്തുന്ന വിധത്തിൽ മാലിന്യം നിക്ഷേപിക്കുകയോ ഒഴുക്കി വിടുകയോ ചെയ്താൽ കേരള ജലസേചന-ജലസംരക്ഷണ നിയമം 1993, വകുപ്പ് 70(3), 72സി, ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974, വകുപ്പ് 43, കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219എസ്, 219റ്റി, കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 340എ എന്നിവ പ്രകാരം ശിക്ഷാർഹമാണ്.**

നദികളിലേയ്ക്കോ, തോടുകളിലേയ്ക്കോ, നീർച്ചാലുകളിലേയ്ക്കോ, കുടിവെള്ള വിതരണ ടാങ്കുകളിലേയ്ക്കോ, പൈപ്പ് ലൈനുകളിലേയ്ക്കോ, ഏതെങ്കിലും തരത്തിലുള്ള മാലിന്യങ്ങൾ നിക്ഷേപിക്കൽ, മലിനജലം ഒഴുക്കിവിടൽ, വ്യവസായ മാലിന്യങ്ങൾ ഒഴുക്കി വിടൽ, വ്യാപാര സ്ഥാപനങ്ങളിലെ മലിനജല കുഴലുകൾ പുറത്തേയ്ക്ക് തുറന്നുവച്ച് അവ ജലസ്രോതസ്സുകളിൽ എത്തിച്ചേരാൻ വഴിയൊരുക്കൽ തുടങ്ങിയവ ഈയിനത്തിലെ കുറ്റങ്ങളായി പരിഗണിക്കാവുന്നതാണ്.

- ജലാശയങ്ങളിലേയ്ക്കോ ജലസ്രോതസ്സുകളിലേയ്ക്കോ ജല വിതരണസംവിധാനങ്ങളിലേയ്ക്കോ ഏതെങ്കിലും തരത്തിലുള്ള മാലിന്യം നിക്ഷേപിക്കൽ/ശരിയായി ശുദ്ധീകരിക്കാത്ത വ്യവസായ മാലിന്യം ഏതെങ്കിലും ജല സ്രോതസ്സുകളിലേയ്ക്ക് ഒഴുക്കി വിടൽ, വിഷമയമോ, ഹാനികരമോ മലിനീകാരകമോ ആയ വസ്തുക്കൾ ഭൂമിയിലേയ്ക്കോ ജലാശയങ്ങളിലേയ്ക്കോ പുറന്തള്ളൽ എന്നിവയ്ക്ക് .

a. 3 വർഷം വരെ കാലയളവ് തടവോ രണ്ട് ലക്ഷം രൂപവരെ പിഴയോ, രണ്ടും കൂടിയോ ശിക്ഷിക്കാവുന്നതാണ്. ഇപ്രകാരം ഒരു കോടതിയാൽ കുറ്റക്കാരനെന്ന് വിധിക്കപ്പെട്ട ആൾ തുടർന്ന് ഈ കുറ്റം ചെയ്തത് സ്ഥാപിക്കപ്പെട്ടാൽ ഒരു വർഷത്തിൽ കുറയാത്തതും 3 വർഷം വരെ ദീർഘിക്കാവുന്നതുമായ തടവും 2 ലക്ഷം രൂപ വരെ പിഴയും ശിക്ഷിക്കാവുന്നതാണ്.
ബാധകമാകുന്ന നിയമം/ചട്ടം: കേരള ജലസേചനവും ജലസംരക്ഷണവും നിയമം 2003, വകുപ്പ് 70(3), 72(സി)

b. ഒന്നര വർഷത്തിൽ കുറയാതെ 6 വർഷം വരെ നീളാവുന്ന തടവും പിഴയും ശിക്ഷിക്കാവുന്നതാണ്.
ബാധകമാകുന്ന നിയമം/ചട്ടം : ജലമലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974, വകുപ്പ് 43

c. കുറ്റസ്ഥാപനത്തിൻമേൽ 10000 രൂപയിൽ കുറയാതെയും ഇരുപത്തിഅയ്യായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേയ്ക്ക് തടവും നൽകി ശിക്ഷിക്കാവുന്നതാണ്.
ബാധകമാകുന്ന നിയമം/ചട്ടം: കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219(എസ്), വകുപ്പ് 219 (റ്റി) കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 340 (എ)

- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി, പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഉദ്യോഗസ്ഥൻ.

- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം:** വ്യക്തികൾ,സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറിക്ക് കേരള പഞ്ചായത്ത്രാജ്/മുനിസിപ്പാലിറ്റി ആക്ട് പ്രകാരം പിഴ ഈടാക്കി രാജി ആക്കാവുന്നതും യുക്തമെന്ന് തോന്നിയാൽ പോലീസിന് കൈമാറാവുന്നതുമാണ്.

## 14. അനുമതി ഇല്ലാതെ വ്യവസായ സ്ഥാപനങ്ങൾ നടത്തൽ

**നിയമാനുസൃതമുള്ള അനുമതികൾ ഇല്ലാതെ മലിനീകരണ സാധ്യതയുള്ള ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുകയോ, മാലിന്യങ്ങൾ പുറത്തുവിടുകയോ ചെയ്യുന്നത് ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974 വകുപ്പുകൾ 24,25, 26,43,44,45 എന്നിവ പ്രകാരവും കേരള പഞ്ചായത്ത് രാജ് ആക്ട് 1994 വകുപ്പ് 233, കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 334(1), 448 എന്നിവപ്രകാരവും കേരളപഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59 (10), 59(11), 59(14), 59(15) 150, കേരള മുനിസിപ്പാലിറ്റി..കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 57 (10), 57(11), 57(14), 57(15), 159 എന്നിവ പ്രകാരവും ശിക്ഷാർഹമായ കുറ്റമാണ്.**

ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ സ്ഥാപിക്കുന്നതും, വ്യവസായ സ്ഥാപനം ഉത്പാദിപ്പിക്കുന്ന ഖര-ദ്രവ-വാതക രൂപത്തിലുള്ള മാലിന്യങ്ങൾ ഏതെങ്കിലും പുറത്തേയ്ക്ക് വിടുന്നതും പൊതു സ്ഥലങ്ങളിൽ അവ നിക്ഷേപിക്കുകയോ, ഒഴുക്കിവിടുകയോ ചെയ്യുന്നതും ഈ ഇനത്തിൽപെട്ട കുറ്റകൃത്യങ്ങളായി പരിഗണിക്കാവുന്നതാണ്.

- മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ലാതെ ജലസ്രോതസ്സുകൾ മലിനീകരിക്കാൻ സാധ്യതയുള്ള ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുകയോ മാലിന്യങ്ങൾ പുറത്തുവിടുകയോ ചെയ്താൽ ഒന്നരവർഷത്തിൽ കുറയാതെ 6 വർഷം വരെ നീളുന്ന തടവിനും പിഴയ്ക്കും ശിക്ഷിക്കാവുന്നതാണ്. കുറ്റം തുടരുന്ന പക്ഷം ഒന്നര വർഷത്തിൽ കുറയാത്തതും ഏഴ് വർ

ഷംവരെ നീളാവുന്നതുമായ തടവിനും പിഴയ്ക്കും ശിക്ഷിക്കാവുന്നതാണ്.

- ബാധകമാകുന്ന നിയമം/ചട്ടം: ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974, വകുപ്പുകൾ 24, 25, 26, 43, 44,45.
- 5000 രൂപ/10,000രൂപ പിഴ ചുമത്താവുന്നതും കുറ്റംതുടരുന്ന പക്ഷം ഓരോ ദിവസവും 500 രൂപ പിഴ ചുമത്താവുന്നതുമാണ്.
- ബാധകമാകുന്ന ചട്ടം/നിയമം: കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 233, കേരള മുനിസിപ്പാലിറ്റി ആക്ട് 1994 വകുപ്പ് 334(1), 448.
- വാട്ടർ അതോറിറ്റിയുടേയും മലിനീകരണ നിയന്ത്രണ ബോർഡിന്റേയും മുൻകൂർ അംഗീകാരം നേടാതെ പൊതുമലിനജല ഓവുചാൽ സംവിധാനവുമായി ഒരു ഫാക്ടറിയിലെ ഓവുചാൽ സംവിധാനത്തെ ബന്ധിപ്പിക്കൽ, വ്യാവസായിക കെട്ടിടങ്ങളിൽ ദ്രവമാലിന്യ സംസ്കരണ ശാലയ്ക്കായി സംവിധാനം ഒരുക്കാതിരിക്കൽ എന്നിവയ്ക്ക്, അധികാരമുള്ള കോടതിയാൽ കുറ്റം ചുമത്തപ്പെടുന്നതിൻമേൽ 10000 രൂപവരെ പിഴയ്ക്കും നിയമലംഘനം തുടരുന്നപക്ഷം ഓരോ ദിവസവും തുടർ പിഴയായി 1000 രൂപവീതവും ശിക്ഷിക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59(10), 59(11), 59(14), 59(15) 150, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 57(10), 57(11), 57(14), 57(15), 159 കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219എസ് കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 334 (1), 448.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഗ്രാമപഞ്ചായത്ത് /നഗരസഭാ സെക്രട്ടറി, മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം:** വ്യക്തികൾ,സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി നടപടി എടുക്കുകയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറുകയോ ചെയ്യേണ്ടതാണ്.

## 15. .ജലസ്രോതസ്സുകളിലേയ്ക്ക് മാലിന്യം ഒഴുക്കിവിടൽ

മലിനജലവും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ ഉൾപ്പെടെയുള്ള മലിനീകരണ സ്വഭാവമുള്ള പദാർത്ഥങ്ങളും ജലസ്രോതസ്സുകളിലേയ്ക്കോ ഭൂമിയിലേയ്ക്കോ ഒഴുക്കി വിടുന്നതും ഇത്തരം മാലിന്യങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ള വ്യാപാര വ്യവസായ സ്ഥാപനങ്ങളോ മാലിന്യസംസ്കരണ സംവിധാനങ്ങളോ അനുമതിയില്ലാതെ സ്ഥാപിക്കുകയോ വിപുലീകരിക്കുകയോ ചെയ്യുന്നതും ജല (സംരക്ഷണവും മലിനീകരണ നിയന്ത്രണവും) നിയമം 1974 വകുപ്പ് 24,25,43,44 എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.

വീടുകൾ, ഫ്ളാറ്റുകൾ, റിസോർട്ടുകൾ, സമ്മേളന ഹാളുകൾ, വ്യാപാര സ്ഥാപനങ്ങൾ, വ്യവസായ ശാലകൾ, വർക്ക്ഷോപ്പുകൾ, മാലിന്യ സംസ്കരണ പ്ലാന്റുകൾ തുടങ്ങി മലിനജലമോ മറ്റു മാലിന്യങ്ങളോ ഉത്പാദിപ്പിക്കാൻ ഇടയുള്ള എല്ലാ സ്ഥലങ്ങളിൽ നിന്നും മാലിന്യങ്ങൾ പുറന്തള്ളുന്നതും, മാലിന്യം പുറംതള്ളാൻ സാധ്യതയുള്ളവ അനുമതിയില്ലാതെ സ്ഥാപിക്കുകയോ പുതുക്കിപ്പണിയുകയോ ചെയ്യുന്നതും ഈ ഇനത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

- മലിനീകരണ നിയന്ത്രണ ബോർഡ് നിശ്ചയിച്ചിട്ടുള്ള നിലവാരങ്ങൾ പ്രകാരം വിഷകരമോ, ഹാനികരമോ, മലിനീകരണ സ്വഭാവമുള്ളതോ ആയി കണക്കാക്കാവുന്ന ഏതെങ്കിലും പദാർത്ഥങ്ങൾ ജലസ്രോതസ്സുകളിലേക്കോ അഴുക്കുചാലിലേക്കോ ഭൂമിയിലേക്കോ എത്തിച്ചേരുന്നതിന് കാരണമായ പ്രവൃത്തികൾ ചെയ്യൽ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ മലിനജലമോ മാലിന്യങ്ങളോ ഏതെങ്കിലും ജലസ്രോതസ്സുകളിലേയ്ക്കോ അഴുക്കുചാലുകളിലേയ്ക്കോ കടത്തിവിടാൻ സാധ്യതയുള്ള ഏതെങ്കിലും വ്യവസായങ്ങളോ പ്രവർത്തനങ്ങളോ മാലിന്യ സംസ്കരണ സംവിധാനങ്ങളോ സ്ഥാപിക്കുകയോ വിപുലീകരിക്കുകയോ ചെയ്യൽ എന്നിവയ്ക്ക് ഒരു വർഷവും ആറുമാസവും കാലയളവിൽ കുറയാത്തതും ആറുവർഷം വരെ നീളാവുന്നതുമായ തടവിനും പിഴയ്ക്കും ശിക്ഷിക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം : ജല (സംരക്ഷണവും മലിനീകരണ നിയന്ത്രണവും) നിയമം 1974 വകുപ്പ് 24,25,43,44

- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ**: മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറ യാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം** : വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി യവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേന യോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി മലിനീകരണ നിയന്ത്രണ ബോർഡിന്/പോലീസിന് കൈമാറേണ്ടതാണ്.

## 16. മാലിന്യങ്ങൾ നിയമവിരുദ്ധമായി വാഹനങ്ങളിൽ കൊണ്ടുപോകൽ

**മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ നിയമ വിരുദ്ധമായി കൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന വാഹനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219യു കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 340ബി എന്നിവ പ്രകാരം പിടിച്ചെടുക്കുകയും അപ്രകാരം പിടിച്ചെടുത്ത വാഹനങ്ങൾ കണ്ടുകെട്ടുന്ന സാഹചര്യത്തിൽ ലേലം ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ ഫണ്ടിലേയ്ക്ക് മുതൽകൂട്ടുകയും ചെയ്യേണ്ടതാണ്.**

വീടുകളിൽനിന്നും ഫ്ളാറ്റുകളിൽ നിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിക്കുന്ന കക്കൂസ് മാലിന്യങ്ങൾ, ചിക്കൻ സ്റ്റാളുകൾ, ഇറച്ചിവെട്ടു കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽനിന്ന് ശേഖരിക്കുന്ന ഇറച്ചി മാലിന്യങ്ങൾ, സമ്മേളന സ്ഥലങ്ങൾ, കല്യാണ മണ്ഡപങ്ങൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കുന്ന ഭക്ഷണാവശിഷ്ടങ്ങൾ തുടങ്ങിയവ നിയമ വിരുദ്ധമായി കൊണ്ടുപോകുന്നതും ജലസ്രോതസ്സുകളെ മലിനീകരിക്കാനിടയാക്കും വിധം റോഡരികിലോ, ഓടകളിലോ, നീർച്ചാലുകളിലോ, പുഴവക്കിലോ, ഒഴുക്കിവിടുകയോ, നിക്ഷേപിക്കുകയോ ചെയ്യുന്നതും ഈ വിഭാഗത്തിലെ കുറ്റകൃത്യമായി പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

- മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ പൊതു സ്ഥലങ്ങളിലോ ജലാശയങ്ങളിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാനോ ഒഴു ക്കിവിടാനോ ലക്ഷ്യമിട്ട് കൊണ്ടുപോകുന്ന വാഹനങ്ങളും അപ്ര കാരം നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചശേഷം തിരികെ കൊണ്ടു പോകുന്നതെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള വാഹന ങ്ങളും കണ്ടെത്തിയാൽ, ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി യ്ക്കോ ഈ ആവശ്യത്തിനായി സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, സബ് ഇൻസ്പെക്ടർ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ, ആ വാഹനം പിടിച്ചെടുക്കാനും സബ് ഡിവിഷണൽ മജിസ്ട്രേറ്റ് അപ്രകാരം പിടിച്ചെടുത്ത വാഹനം കണ്ടുകെട്ടുന്ന സാഹചര്യത്തിൽ അത് ലേലം ചെയ്യുകയും തുക ഗ്രാമപഞ്ചായത്ത്/നഗരസഭയുടെ ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 യു, കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 340 ബി.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ**: ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി, സബ് ഇൻസ്പെക്ടർ തസ്തികയിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം**: വ്യക്തികൾ, സംഘ ടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജ നങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗര സഭാ സെക്രട്ടറി നേരിട്ട് നടപടി എടുക്കുകയോ പോലീസിന് കൈ മാറുകയോ ചെയ്യേണ്ടതാണ്.

## 17 ജലസ്രോതസ്സുകളേയും ജലവിതരണ സംവിധാനത്തേയും മലിനമാക്കൽ

**ജലസ്രോതസ്സുകളും ജലവിതരണ സംവി ധാനങ്ങളും മലിനമാക്കുന്നത് കേരള പോലീസ് ആക്ട് 2010, വകുപ്പ് 120 ഇ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

ഏതെങ്കിലും തരത്തിലുള്ള ഖര മാലിന്യങ്ങൾ ജലസ്രോതസ്സുകളിലേയ്ക്ക് വലിച്ചെറിയൽ, വീടുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള മലിന

ജലം ഉൾപ്പെടെയുള്ള ദ്രവമാലിന്യങ്ങൾ ജലസ്രോതസ്സുകളിലേയ്ക്ക് നേരിട്ടോ, ജലസ്രോതസ്സുകളിൽ എത്താവുന്ന വിധത്തിൽ പൊതു ഓടകളിലേയ്ക്കോ ഒഴുക്കി വിടൽ, കക്കൂസ് മാലിന്യങ്ങൾ, ഇറച്ചി മാലിന്യങ്ങൾ തുടങ്ങിയവ ജലസ്രോതസ്സുകളെ മലിനമാക്കും വിധം ഒഴുക്കി വിടൽ എന്നിവയെല്ലാം ഈ വിഭാഗത്തിൽപെട്ട കുറ്റങ്ങളായി പരിഗണിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

- ജലസ്രോതസ്സുകളേയോ ജലവിതരണത്തേയോ മലിനമാക്കുകയോ പൊതുശുചീകരണ നടപടികളെ തടസ്സപ്പെടുത്തുകയോ, പൊതു സ്ഥലങ്ങൾ വൃത്തിഹീനമാക്കുകയോ നിയമ വിരുദ്ധമായി പരിസ്ഥിതിയ്ക്ക് സാരമായ കേടുണ്ടാക്കുകയോ ചെയ്താൽ കുറ്റ സ്ഥാപനത്തിൻമേൽ ഒരു വർഷത്തിൽ കവിയാത്ത കാലയളവ് തടവോ 5000 രൂപ വരെ പിഴയോ, ഇവ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.
- ബാധകമാകുന്ന നിയമം /ചട്ടം: കേരള പോലീസ് ആക്ട് 2010, വകുപ്പ് 120 ഇ.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥൻ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം:** വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി പോലീസിന് കൈമാറേണ്ടതാണ്.

## 18. മാലിന്യങ്ങൾ ജലാശയങ്ങളിലേയ്ക്ക് പുറന്തള്ളൽ

**വിഷമയമോ, ഹാനികരമോ മലിനീകരിക്കുന്നതോ ആയ വസ്തുക്കൾ ജലാശയങ്ങളിലേയ്ക്ക് പുറന്തള്ളിയാൽ ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974, വകുപ്പുകൾ 24, 43, 45 എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

വീടുകളിലെ അഴുക്കുവെള്ളം ഓടകളിലേയ്ക്കോ ജലാശയങ്ങളിലേയ്ക്കോ ഒഴുക്കി വിടൽ, കച്ചവട സ്ഥാപനങ്ങളിലെ മലിനജല കുഴലുകൾ, പൊതു ഓടകളിലേയ്ക്കോ, പൊതു ജലസ്രോതസ്സുകളിലേയ്ക്കോ തുറന്നുവയ്ക്കൽ, വ്യവസായ സ്ഥാപനങ്ങളിലെ മലിനജലം

പുറത്തേയ്ക്ക് ഒഴുക്കിവിടൽ, പൊതു ജലാശയങ്ങളിൽ ജല മലിനീകരണത്തിനും കാരണമാംവിധമുള്ള മറ്റു പ്രവൃത്തികൾ എന്നിവയെല്ലാം ഈയിനത്തിലെ കുറ്റങ്ങളായി പരിഗണിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

- ഏതൊരു വ്യക്തിയും അറിവോടെ, വിഷമയമോ, ഹാനികരമോ, മലിനീകരിക്കുന്നതോ ആയ വസ്തുക്കൾ നേരിട്ടോ അല്ലാതെയോ ഭൂമിയിലേയ്ക്കോ ജലാശയങ്ങളിലേയ്ക്കോ പുറന്തള്ളിയാൽ ഒന്നര വർഷത്തിൽ കുറയാതെ 6 വർഷം വരെ നീളാവുന്ന കാലയളവ് തടവോ, പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്.
- ശിക്ഷിക്കപ്പെട്ട ആൾ ലംഘനം തുടരുന്നപക്ഷം ഒന്നരവർഷത്തിൽ കുറയാതെ 7 വർഷം വരെ തടവും പിഴയും ശിക്ഷിക്കപ്പെടാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: ജല മലിനീകരണ (നിയന്ത്രണവും നിവാരണവും) നിയമം 1974, വകുപ്പുകൾ 24, 43, 45
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : 1. സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഉദ്യോഗസ്ഥർ. 2. മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം** : വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതാണ്.

## 19 മലിനജലം സംസ്കരിക്കാതെ ഒഴുക്കിവിടൽ

**വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, മത്സ്യ-മാംസ വ്യാപാര സ്റ്റാളുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ഉണ്ടാകുന്ന മലിനജലം ശരിയായി സംസ്കരിക്കാതിരിക്കുകയോ, മലിനജലം ഓടകളിലേയ്ക്ക് ഒഴുക്കിവിടുകയോ കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 വി(1), കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 334 (1) എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

വ്യാപാര സമുച്ചയങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻ സ്റ്റാളുകൾ, മത്സ്യ-മാംസ വില്പന ശാലകൾ, നിരവധി പേർ ഒത്തുകൂടുന്ന ഹാളുകൾ, കല്യാണ മണ്ഡപങ്ങൾ, ഫ്ളാറ്റ് സമുച്ച

യങ്ങൾ, ബഹുനില കെട്ടിടങ്ങൾ, ഭക്ഷണ പദാർത്ഥം നിർമ്മിക്കുകയോ കച്ചവടം നടത്തുകയോ ചെയ്യുന്ന ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, കാറ്ററിംഗ് സ്ഥാപനങ്ങൾ വലുപ്പം കൂടിയ വീടുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ഉണ്ടാകുന്ന മലിനജലം ശരിയായി സംസ്കരിക്കാതിരിക്കുകയോ പ്രസ്തുത മലിനജലത്തെ ഓടകളിലേയ്ക്ക് ഒഴുക്കി വിടുകയോ ചെയ്യുന്നത് ഈയിനത്തിലെ കുറ്റമായി പരിഗണിച്ച് നടപടി എടുക്കാവുന്നതാണ്.

- വ്യാപാര കേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ഇറച്ചിക്കടകൾ, മത്സ്യ സ്റ്റാളുകൾ, കല്യാണ മണ്ഡപങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ, ഫ്ളാറ്റുകളും ബഹുനില കെട്ടിടങ്ങളും, ഹോട്ടലുകൾ, കാറ്ററിംഗ് സർവ്വീസ് സ്ഥാപനങ്ങൾ, ഗ്രാമപഞ്ചായത്തുകളിലെ 100 m2 കൂടുതലും നഗരസഭകളിലെ 200 m2 കൂടുതലും തറവിസ്തീർണ്ണമുള്ള വീടുകൾ ഗ്രാമപഞ്ചായത്ത്/ നഗരസഭ വിജ്ഞാപനം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥർ അല്ലങ്കിൽ നടത്തിപ്പോ നിയന്ത്രണമോ സംബന്ധിച്ച് ചുമതലയുള്ള ആൾ, അത്തരം കെട്ടിടങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ, മലിനജലം എന്നിവ ശരിയായി സംസ്കരിക്കാതിരിക്കൽ, മലിനജലം ഓടകളിലേയ്ക്ക് ഒഴുക്കിവിടൽ എന്നിവ ചെയ്താൽ കുറ്റസ്ഥാപനത്തിൻമേൽ 6 മാസത്തിൽ കുറയാത്തതും ഒരുവർഷം വരെ ആകാവുന്നതുമായ കാലത്തേയ്ക്കുള്ള തടവോ, 10000 രൂപയിൽ കുറയാത്തതും 50000 രൂപവരെ ആകാവുന്നതുമായ പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണ്. ഇപ്രകാരം ശിക്ഷിക്കപ്പെട്ട ആൾ കുറ്റം തുടർന്നും ചെയ്താൽ തുടരുന്ന ഓരോ ദിവസത്തേയ്ക്കും 1000 രൂപയിൽ കുറയാത്ത പിഴയ്ക്ക് ശിക്ഷിക്കപ്പെടാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: കേരള പഞ്ചായത്ത് രാജ് ആക്ട് 1994, വകുപ്പ് 219 വി(1), കേരള മുനിസിപ്പാലിറ്റി ആക്ട് 1994, വകുപ്പ് 334 (1)
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം:** വ്യക്തികൾ,സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട്

ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി പിഴ ഈടാക്കി നടപടി സ്വീകരിക്കുകയോ പോലീസിന് കൈമാറുകയോ ചെയ്യേണ്ടതാണ്.

## 20. കെട്ടിടങ്ങളിലെ ദ്രവമാലിന്യസംസ്കരണ സംവിധാനം

**2500 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ, ഓഫീസ്, വാണിജ്യ ഉപയോഗത്തിൽപെട്ട കെട്ടിടങ്ങൾക്കും മറ്റു ഗണത്തിൽപെട്ട എല്ലാ കെട്ടിടങ്ങൾക്കും ചട്ടം 55 (5 എ),56(8), 57 (12 എ), 58 (17), 59 (14), 60 (9), 61 (16) എന്നിവയും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 53 (5), 54 (7), 55 (13), 56 (8), 57 (14), 58(7), 59 (15) എന്നിവയും പ്രകാരം ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് ഒരുക്കിയിട്ടില്ലെങ്കിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 150, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം159 എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

2500 ച. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാസഗൃഹ നിർമ്മിതികൾ, ഫ്ളാറ്റ്സമുച്ചയങ്ങൾ, ഓഫീസ് കെട്ടിടങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, റിസോർട്ടുകൾ, ഹോംസ്റ്റേകൾ, അപ്പാർട്ട്മെന്റ് ഹൗസുകൾ, ലോഡ്ജുകൾ, ഡോർമിറ്ററികൾ, ടൂറിസ്റ്റ് ഹോമുകൾ, ഹോസ്റ്റലുകൾ, ഡേകെയർ കേന്ദ്രങ്ങൾ, കുട്ടികളുടെ നഴ്സറികൾ, കോൺവെന്റുകൾ തുടങ്ങിയവയും എല്ലാ വലുപ്പത്തിലുമുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമുള്ള കെട്ടിടങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ, തിയറ്ററുകൾ, ഓഡിറ്റോറിയങ്ങൾ, സംഭരണ സ്ഥലങ്ങൾ, വ്യാവസായിക ആവശ്യങ്ങൾക്കുള്ളകെട്ടിടങ്ങൾ തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

- 2500 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള റസിഡൻഷ്യൽ, ഓഫീസ്, വാണിജ്യ ഉപയോഗത്തിൽപെട്ട നിർമ്മാണങ്ങളിൽ അവയുടെ വിസ്തീർണ്ണം എത്രതന്നെയായിരുന്നാലും നിർമ്മാണ സ്ഥലത്തുവച്ചു തന്നെ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് ഒരുക്കാതിരുന്നാൽ അധികാരമുള്ള ഒരു കോടതിയാൽ കുറ്റം ചുമത്തപ്പെടുന്നതിൻമേൽ 10000 രൂപയിൽ കവിയാത്ത പിഴയ്ക്ക്

ശിക്ഷിക്കപ്പെടാവുന്നതാണ്. നിയമലംഘനം തുടരുന്ന ഓരോ ദിവസവും തുടർ പിഴയായി 1000 രൂപവരെയും ശിക്ഷിക്കാവുന്നതാണ്.

- ബാധകമാകുന്ന നിയമം/ചട്ടം: കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55 (5 എ), 56(8), 57 (12എ), 58(17), 59(14), 60(9), 61(16), 150. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 53 (5), 54(7), 55(13), 56(8), 57(14), 58(7), 59 (15), 159.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഗ്രാമപഞ്ചായത്ത്/ നഗരസഭാ സെക്രട്ടറി, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം**: വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി നേരിട്ട് നടപടി സ്വീകരിക്കുകയോ പോലീസിന് കൈമാറുകയോ ചെയ്യേണ്ടതാണ്.

## 21. കെട്ടിടങ്ങളിലെ മലിനജല പുനചംക്രമണ സംവിധാനം

**1500 ച. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകൾ, ഓഫീസുകൾ, കച്ചവട സ്ഥാപനങ്ങൾ എന്നിവയിലും മറ്റ് വിഭാഗങ്ങളിൽപെട്ട എല്ലാ വലുപ്പത്തിലുമുള്ള കെട്ടിടങ്ങളിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55 (5ബി), 56 (9), 57(12ബി), 58(18), 59(15), 60(10), 61(17)എന്നിവയും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 53(6), 54(8), 55 (14), 56(9), 57(15), 58(8), 58, 59(16) എന്നിവയും പ്രകാരം മലിനജലം പുനഃചംക്രമണം ചെയ്യുന്നതിനും പുനരുപയോഗം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടില്ലെങ്കിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 150, കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 159 എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

1500 ച. മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ, ഓഫീസ് കെട്ടിടങ്ങൾ, വ്യാപാര സമുച്ചയങ്ങൾ എന്നിവയും എല്ലാ വലുപ്പത്തിലുമുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്കുമുള്ള കെട്ടിടങ്ങൾ, ആശുപത്രികൾ, സമ്മേളന ആവശ്യ ങ്ങൾക്കുള്ള കെട്ടിടങ്ങൾ, വ്യാവസായിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, സംഭരണ സ്ഥലങ്ങൾ എന്നിവയെ ഈ വിഭാഗത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

- 1500 ച. മീറ്ററിൽ കൂടുതൽ പ്ലിന്ത് ഏര്യായുള്ള റസിഡൻഷ്യൽ, ഓഫീസ്, വാണിജ്യ ഉപയോഗത്തിൽപെട്ട നിർമ്മാണങ്ങൾക്കും മറ്റു ഗണത്തിൽപ്പെട്ട എല്ലാ വലുപ്പത്തിലുമുള്ള നിർമ്മാണങ്ങൾക്കും അതാത് കെട്ടിടത്തിൽ ഉണ്ടാകുന്ന മലിനജല പുനഃചംക്രമണം ചെയ്യുന്നതിനും പുനരുപയോഗം ചെയ്യുന്നതിനുമുള്ള സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടില്ലെങ്കിൽ അധികാരമുള്ള ഒരു കോടതി യാൽ കുറ്റം ചുമത്തപ്പെടുന്നതിൻമേൽ 10000 രൂപയിൽ കവിയാത്ത പിഴയ്ക്ക് ശിക്ഷിക്കാവുന്നതാണ്. നിയമലംഘനം തുടരുന്ന ഓരോ ദിവസവും തുടർപിഴയായി 1000 രൂപ വരെ ശിക്ഷിക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം:കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55(5ബി), 56(9), 57(12ബി), 58(18), 59(15), 60(10), 61(17), 150 കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 53(6), 54(8), 55(14) 56(9), 57(15), 58, 58(8), 59(16), 159.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം :** വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി നേരിട്ട് നടപടി എടുക്കുകയോ പോലീസിന് കൈമാറുകയോ ചെയ്യേണ്ടതാണ്.

## 22 അസംബ്ലി കെട്ടിടങ്ങളിലെ മാലിന്യസംസ്കരണ സംവിധാനം

**ഭക്ഷണം പാകം ചെയ്ത് കഴിക്കാനുള്ള സജ്ജീകരണങ്ങളുള്ള സമ്മേളനാവശ്യത്തിനായുള്ള കെട്ടിടങ്ങളിൽ മാലിന്യശേഖരണത്തിനും പുറന്തള്ളലിനും ഉചിതമായ ക്രമീകരണം ഉറപ്പുവരുത്തിയിട്ടില്ലെങ്കിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 57 (12എ), 150, എന്നിവയും കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55(11), 159 എന്നിവയും പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

കല്യാണ മണ്ഡപങ്ങൾ, ഭക്ഷണ പാകം ചെയ്ത് വിതരണം ചെയ്യാൻ സൗകര്യങ്ങളുള്ള കമ്മ്യൂണിറ്റി ഹാളുകൾ, ഓഡിറ്റോറിയങ്ങൾ എന്നിവ ഈ വിഭാഗത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

- ഗണം ഡി യിൽ ഉൾപ്പെട്ട കെട്ടിടങ്ങളിലും ഭക്ഷണം പാകം ചെയ്യാനും കഴിക്കാനും സജ്ജീകരണങ്ങളുള്ള കല്യാണ മണ്ഡപങ്ങളിലും ഖര-ദ്രവ മാലിന്യങ്ങളുടെ ശേഖരണത്തിനും ആരോഗ്യകരമായ പുറ ന്തള്ളലിനും വേണ്ടി സെക്രട്ടറിയ്ക്ക് തൃപ്തികരമാവുന്ന വിധ ത്തിലുള്ള ഉചിതവും പര്യാപ്തവുമായ ക്രമീകരണങ്ങൾ ഉറപ്പുവ രുത്തിയില്ലെങ്കിൽ അധികാരമുള്ള കോടതിയാൽ കുറ്റം ചുമതല പ്പെടുന്നതിന്മേൽ 10000 രൂപവരെ ആകാവുന്ന പിഴയ്ക്ക് ശിക്ഷി ക്കപ്പെടാവുന്നതാണ്. നിയമലംഘനം തുടരുന്നപക്ഷം ഓരോ ദിവ സവും തുടർ പിഴയായി 1000 രൂപവരെ ശിക്ഷിക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: കേരള പഞ്ചായത്ത് കെട്ടിട നിർ മ്മാണ ചട്ടങ്ങളിലെ ചട്ടം 57 (12എ), ചട്ടം 150, കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55(11), 159.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഗ്രാമപഞ്ചായത്ത് /നഗര സഭാ സെക്രട്ടറി, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം :** വ്യക്തികൾ, സംഘ ടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജന ങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗര സഭാ സെക്രട്ടറി നേരിട്ട് നടപടി സ്വീകരിക്കുകയോ പോലീസിന് കൈമാറു കയോ ചെയ്യേണ്ടതാണ്.

## 23. ഇറച്ചി വ്യാപാരം നടത്തുന്ന കടകളിൽ പാലിക്കേണ്ടത്

**ഇറച്ചി വ്യാപാരം നടത്തുന്ന കടകൾ, പ്രാണികൾ കടക്കാതെ സുരക്ഷിത മല്ലാതയോ പൊതു ജനങ്ങൾക്ക് അസ ഹ്യതയുണ്ടാക്കുംവിധമോ ലൈസൻസ് വിവരങ്ങൾ പ്രദർശിപ്പിക്കാതെയോ പ്രവർത്തിച്ചാൽ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും ഇറച്ചിക്കടക ളും) ചട്ടങ്ങളിലെ ചട്ടം 38, 41 എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

കശാപ്പു നടത്തിയ മൃഗങ്ങളുടെ ശരീരഭാഗങ്ങൾ അസഹ്യതയുണ്ടാക്കും വിധം കടയ്ക്കു മുന്നിൽ തൂക്കിയിടൽ, കശാപ്പു ചെയ്ത മൃഗങ്ങളുടെ മാംസം, കോഴി ഇറച്ചി തുടങ്ങിയവ ഈച്ച ഉൾപ്പെടെ യുള്ള പ്രാണികളെ ആകർഷിക്കുംവിധം തുറന്നുവയ്ക്കുക, ലൈസൻസിയുടെ പേര്, കടയുടെ നമ്പർ, വിലനിലവാരം തുടങ്ങിയവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് പ്രദർശിപ്പിക്കാതിരിക്കൽ എന്നി വ ഈയിനത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

- മൃഗത്തിന്റെയോ പക്ഷിയുടെയോ, മാംസം വിൽക്കുന്നതിനുള്ള കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും ധാരാളം വായു സഞ്ചാരമുള്ളതും ആയിരിക്കേണ്ടതും വഴിയാത്ര ക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും കടയുടെ ലൈസൻസി തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണ ത്തക്ക വിധത്തിൽ കടയുടെ മുന്നിൽ പ്രദർശിപ്പിക്കേണ്ടതുമാണ് എന്നുള്ള നിബന്ധനകൾ ലംഘിച്ചാൽ കുറ്റ സ്ഥാപനത്തിന്മേൽ 1000 രൂപയിൽ കുറയാത്ത പിഴയ്ക്ക് ശിക്ഷിക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: കേരള പഞ്ചായത്ത് രാജ് (കശാപ്പു ശാലകളും ഇറച്ചിക്കടകളും ചട്ടങ്ങളിലെ ചട്ടം 38, 41.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം** : വ്യക്തികൾ, സംഘ ടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതു ജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത് സെ ക്രട്ടറി നേരിട്ട് നടപടി എടുക്കുകയോ പോലീസിന് കൈമാറുകയോ ചെയ്യേണ്ടതാണ്.

## 24. ലൈസൻസില്ലാതെയുള്ള ഭക്ഷണ പദാർത്ഥങ്ങളുടെ ഉൽപ്പാദനം, സംഭരണം, വിതരണം, വിൽപ്പന

**ലൈസൻസില്ലാതെ ഭക്ഷണ പദാർ ത്ഥങ്ങൾ നിർമ്മിക്കുകയോ ശേഖരി ക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നത് ഭക്ഷ്യസുരക്ഷാ ഗുണനില വാര നിയമത്തിലെ (2006) വകുപ്പ് 63 പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള അനുമതി ഇല്ലാതെ ഏതെ ങ്കിലും തരത്തിലുള്ള ഭക്ഷണ പദാർത്ഥ ങ്ങൾ നിർമ്മിക്കുകയോ ശേഖരിക്കു കയോ വിൽപ്പന നടത്തുകയോ ചെയ്യുന്ന എല്ലാത്തരം നിർമ്മാണ യൂണിറ്റുകളെ യും ഈയിനത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

- ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ സാധുതയുള്ള ലൈസൻസില്ലാതെ ഏതെങ്കിലും ഭക്ഷണ വിൽപ്പന സംരംഭങ്ങൾ ആരംഭിക്കുന്നത് 6 മാസം തടവും 5 ലക്ഷം രൂപവരെ ദീർഘിപ്പിക്കാവുന്ന പിഴയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്.
- ബാധകമായ നിയമം/ചട്ടം : ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം (ഭക്ഷ്യവസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ലൈസൻസും രജിസ്ട്രേഷനും) നിയന്ത്രണങ്ങൾ 2011 ഖണ്ഡിക 2.1.2, (L&R)ഭക്ഷ്യ സുരക്ഷ ഗുണനിലവാര നിയമം 2006 വകുപ്പ് 63
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ:**ഭക്ഷ്യസുരക്ഷാ ഓഫീസർ/ അസി. ഭക്ഷ്യസുരക്ഷാ കമ്മീഷണർ
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം**: വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതു ജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി ഭക്ഷ്യസുരക്ഷാ ഓഫീസർ/അസിസ്റ്റന്റ് കമ്മീഷണർക്ക് കൈമാറേണ്ടതാണ്.

1800 425 1125 എന്ന ടോൾ ഫ്രീ നമ്പറിലും, foodsafetykerala@gmail.com എന്ന വിലാസത്തിലും പരാതികൾ അറിയിക്കാവുന്നതാണ്.

## 25. ഇറച്ചിമാലിന്യങ്ങൾ സംസ്കരിക്കൽ

**ഇറച്ചി മാലിന്യങ്ങൾ അവ നിക്ഷേപിക്കാനായി നിശ്ചയിച്ചിട്ടുള്ള സ്ഥലത്തല്ലാതെ നിക്ഷേപിക്കുകയോ, കുഴിച്ചു മൂടുകയോ, ഒഴുക്കി വിടുകയോ ചെയ്യുന്നത് കേരള പഞ്ചായത്ത് രാജ് (കശാപ്പു ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 40, 41 എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

മൃഗങ്ങളെ കശാപ്പ് നടത്തുന്നതിന്റേയും കോഴികളുടെയും ഇറച്ചിയുടേയും അവശിഷ്ടങ്ങൾ പൊതു സ്ഥലങ്ങളിലോ, ജലസ്രോതസ്സുകളിലോ നിക്ഷേപിക്കുന്നവരെയും കുഴിച്ചിടുന്നവരേയും ഈയിനത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

- കശാപ്പുശാലകളുടെ ഉടമസ്ഥനോ, ലൈസൻസിയോ, കശാപ്പു കാരനോ, മൃഗങ്ങളുടെയോ പക്ഷികളുടെയോ അവശിഷ്ടങ്ങൾ, മാംസം എന്നിവ അത് നിക്ഷേപിക്കാനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്തും രീതിയിലും അല്ലാതെ നിക്ഷേപി ക്കുകയോ കുഴിച്ചുമൂടുകയോ ഒഴുക്കിവിടുകയോ ചെയ്താൽ കുറ്റ സ്ഥാപനത്തിൽമേൽ 1000 രൂപയിൽ കുറയാത്ത പിഴയ്ക്ക് ശിക്ഷി ക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം: കേരള പഞ്ചായത്ത് രാജ് (കശാപ്പു ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 40, 41.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഗ്രാമപഞ്ചായത്ത് സെക്രട്ടറി, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം**: വ്യക്തികൾ, സംഘ ടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതു ജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത് സെ ക്രട്ടറി നേരിട്ട് നടപടി എടുക്കുകയോ പോലീസിന് കൈമാറുകയോ ചെയ്യേണ്ടതാണ്.

## 26. ഭക്ഷണ പദാർത്ഥങ്ങളുടെ ഉൽപ്പാദനം, വിതരണം, വിൽപ്പന

**ലൈസൻസില്ലാതെ ഭക്ഷണ പദാർത്ഥ ങ്ങൾ നിർമ്മിക്കുകയോ ശേഖരിക്കു കയോ വിൽപ്പന നടത്തുകയോ ചെയ്യു ന്നത് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലെ (2006) വകുപ്പ് 63 പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള അനുമതി ഇല്ലാതെ ഏതെങ്കിലും തരത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുകയോ ശേഖരിക്കു കയോ വിതരണം നടത്തുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്ന എല്ലാത്തരം ഭക്ഷ്യസംരംഭകരേയും ഈയിനത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കേണ്ട താണ്.

- സ്വന്തമായോ, മറ്റുള്ളവർ മുഖേനയോ ലൈസൻസ് ഇല്ലാതെ ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുകയോ, വിൽപ്പന നടത്തുകയോ, ശേഖ രിക്കുകയോ, വിതരണം നടത്തുകയോ ഇറക്കുമതി നടത്തുകയോ ചെയ്താൽ 6 മാസം വരെ നീളാവുന്ന തടവും 5 ലക്ഷം രൂപ വരെ പിഴയും ശിക്ഷിക്കാവുന്നതാണ്.

- ബാധകമാകുന്ന നിയമം/ചട്ടം: ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 വകുപ്പ് 63.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഭക്ഷ്യസുരക്ഷാ ഓഫീസർ/ അസിസ്റ്റന്റ് കമ്മീഷണർ
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം**: വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി ഭക്ഷ്യസുരക്ഷാ ഓഫീസർ/അസിസ്റ്റന്റ് കമ്മീഷണർക്ക് കൈമാറേണ്ടതാണ്.

1800 425 1125 എന്ന ടോൾ ഫ്രീ നമ്പറിലും, foodsafetykerala@gmail.com എന്ന വിലാസത്തിലും പരാതികൾ അറിയിക്കാവുന്നതാണ്.

## 27 സുരക്ഷിതമല്ലാത്ത ഭക്ഷണപദാർത്ഥങ്ങളുടെ ഉൽപ്പാദനം , വിതരണം, വിൽപ്പന

**ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കൽ, ഗുണനിലവാരമില്ലാത്തതും സുരക്ഷിതമല്ലാത്തതുമായ ഭക്ഷണം നൽകൽ തുടങ്ങിയവ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, വകുപ്പുകൾ 58, 64 എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

മനുഷ്യരുടെ ആരോഗ്യത്തിന് ഹാനികരമാവുകയോ, മരണകാരണമാവുകയോ ചെയ്യുന്ന ഏതെങ്കിലും തരത്തിലുള്ള ഭക്ഷണ സാധനങ്ങൾ നിർമ്മിക്കുകയോ, ഭക്ഷണ സാധനങ്ങളുടെ ഉപയോഗ കാലപരിധിയ്ക്ക് ശേഷവും അവ വിൽപ്പന നടത്തുകയോ, വിൽപ്പനയ്ക്കായി ശേഖരിച്ച് വയ്ക്കുകയോ ചെയ്യുന്നതെല്ലാം ഈ വിഭാഗത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

- ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ ഏതെങ്കിലും നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർ 2 ലക്ഷം രൂപ വരെ പിഴയ്ക്ക് ശിക്ഷിക്കപ്പെടാവുന്നതാണ്. നിയമലംഘനത്തിന് കുറ്റക്കാരനെന്ന് കണ്ടെത്തപ്പെട്ട ആൾ തുടർന്ന് പ്രസ്തുത കുറ്റം ആവർത്തിക്കുകയാണെങ്കിൽ ആദ്യ കുറ്റത്തിന് ലഭിക്കാവുന്ന പരമാവധി ശിക്ഷയുടെ അടിസ്ഥാനത്തിൽ ശിക്ഷ ഇരട്ടിയാക്കാവുന്നതാണ്. കുറ്റം

തുടർച്ചയാവുകയാണെങ്കിൽ ഒരുലക്ഷം രൂപവരെ ദീർഘിപ്പിക്കാവുന്ന മറ്റൊരു പ്രതിദിന പിഴ ശിക്ഷയ്ക്കുകൂടി വിധേയമാക്കാവുന്നതാണ്. ലൈസൻസ് റദ്ദ് ചെയ്യാവുന്നതുമാണ്.

- ബാധകമാകുന്ന നിയമം/ചട്ടം: ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം വകുപ്പ് 58, 64
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഭക്ഷ്യസുരക്ഷാ ഓഫീസർ/ അസിസ്റ്റന്റ് കമ്മീഷണർ
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം**: വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി ഭക്ഷ്യസുരക്ഷാ ഓഫീസർ/അസിസ്റ്റന്റ് കമ്മീഷണർക്ക് കൈമാറേണ്ടതാണ്.

1800 425 1125 എന്ന ടോൾ ഫ്രീ നമ്പറിലും, foodsafetykerala@gmail.com എന്ന വിലാസത്തിലും പരാതികൾ അറിയിക്കാവുന്നതാണ്.

## 28. ഭക്ഷണ പദാർത്ഥങ്ങളുമായി ബന്ധപ്പെട്ട സ്ഥലത്തെ ശുചിത്വം

**ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുകയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്ന സ്ഥലങ്ങൾ വൃത്തിഹീനമാണെങ്കിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006, വകുപ്പ് 56 പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

ഹോട്ടലുകൾ, റസ്റ്റാറന്റുകൾ, കല്യാണ മണ്ഡപങ്ങൾ, റിസോർട്ടുകൾ, ഹോം സ്റ്റേകൾ, അന്നദാനത്തിനായി ഭക്ഷണം പാകം ചെയ്യുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് സർവ്വീസുകൾ നടത്തുന്നവരുടെ പാചക സ്ഥലങ്ങൾ, ബേക്കറി ഉത്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ശുചിത്വമില്ലാത്ത സാഹചര്യമാണെങ്കിൽ ഈ വിഭാഗത്തിൽ പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

- മനുഷ്യരുടെ ഭക്ഷ്യാവശ്യങ്ങൾക്കായി ഭക്ഷണ പദാർത്ഥങ്ങൾ വൃത്തിഹീനമായതോ, ശുചിത്വമില്ലാത്തതോ ആയ സാഹചര്യങ്ങളിൽ നിർമ്മിക്കുകയോ, കൈകാര്യം ചെയ്യുകയോ ചെയ്യുന്നവരെ ഒരുലക്ഷം രൂപവരെ പിഴയ്ക്ക് ശിക്ഷിക്കാവുന്നതാണ്.

- ബാധകമായ നിയമം/ചട്ടം: ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006, വകുപ്പ് 56
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഭക്ഷ്യസുരക്ഷാ ഓഫീസർ/ അസിസ്റ്റന്റ് കമ്മീഷണർ
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം**: വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി ഭക്ഷ്യസുരക്ഷാ ഓഫീസർ/അസിസ്റ്റന്റ് കമ്മീഷണർക്ക് കൈമാറേണ്ടതാണ്.

1800 425 1125 എന്ന ടോൾ ഫ്രീ നമ്പറിലും, foodsafetykerala@gmail.com എന്ന വിലാസത്തിലും പരാതികൾ അറിയിക്കാവുന്നതാണ്.

## 29. ശുചിത്വ സംവിധാനങ്ങൾ ഒരുക്കൽ

**അപായസാധ്യതയുള്ള ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, സമ്മേളന സ്ഥലങ്ങൾ, ഹോട്ടലുകൾ, വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, ഓഫീസ്/കച്ചവട ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ, ആശുപത്രികൾ എന്നീ വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് നിശ്ചിത എണ്ണം ശുചിത്വ സംവിധാനങ്ങൾ ഒരുക്കിയില്ലെങ്കിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 56, 61 (8) ചട്ടം 150, കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 54(6), 59(7), 159 എന്നിവ പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്.**

പൊതുജനങ്ങളോ ഉദ്യോഗസ്ഥരോ എത്തിച്ചേരുന്ന കെട്ടിടങ്ങളിൽ ഓരോ വിഭാഗത്തിലും നിശ്ചിത എണ്ണം ശുചിമുറികൾ, വാട്ടർ ക്ലോസറ്റുകൾ എന്നിവ പുരുഷൻമാർക്കും സ്ത്രീകൾക്കും വെവ്വേറെ ഒരുക്കാതിരുന്നാൽ ഈയിനത്തിലുള്ള നിയമലംഘനമായി പരിഗണിച്ച് നടപടി സ്വീകരിക്കേണ്ടതാണ്.

- അപായ സാധ്യതയുള്ള ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ ആദ്യത്തെ 50 പുരുഷൻമാർക്ക് ഒരു വാട്ടർ ക്ലോസറ്റും ആദ്യത്തെ 50 സ്ത്രീകൾക്ക് 2 വാട്ടർ ക്ലോസറ്റും അതിനുശേഷം വരുന്ന ഓരോ 70 പേർക്കും ഒരു വാട്ടർ ക്ലോസറ്റും ഉണ്ടാകണം. ഇത്തരം കെട്ടിടങ്ങ

ളിൽ ഓരോ 100 പുരുഷൻമാർക്കും ഒരു മൂത്രപ്പുരയും ഓരോ 100 പേർക്കും ഒരു കുടിവെള്ള ഫൗണ്ടനും ഓരോ 50 പേർക്കും കൈ കഴുകാനുള്ള ഒരു സൗകര്യവും തറവിസ്തീർണ്ണത്തിൽ ഓരോ 30 ച.മീറ്ററിനും ഒരാൾ എന്ന് കണക്കാക്കി വാട്ടർ ക്ലോസ്റ്റ്, മൂത്രപ്പുര തുടങ്ങിയ ശുചീകരണ സൗകര്യങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.

- തിയറ്ററുകൾ, ഓഡിറ്റോറിയം, റസ്റ്റാറന്റുകൾ, കല്യാണ മണ്ഡപങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവിടങ്ങളിൽ 50 പേർക്കോ, അതിന്റെ ഭാഗത്തിനോ ഒന്നുവീതം മൂത്രപ്പുരകളും 200 പുരുഷൻമാർക്ക് ഒന്ന് വീതവും 100 സ്ത്രീകൾക്ക് ഒന്ന് വീതവും വാട്ടർ ക്ലോസറ്റുകളും 200 പേർക്ക് ഒന്ന് വീതം വാഷ്ബേസിനും ഉണ്ടായിരിക്കേണ്ടതാണ്.
- ബോർഡിംഗ് സൗകര്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 10 പുരുഷൻമാർക്കും ഒന്ന് വീതവും ഓരോ 8 സ്ത്രീകൾക്ക് ഒന്ന് വീതവും വാട്ടർ ക്ലോസറ്റും ഓരോ 25 പുരുഷൻമാർക്കും ഒന്ന് വീതവും മൂത്രപ്പുരകളും ഓരോ 10 പേർക്കും ഒന്നുവീതം വാഷ്ബേസിനുകളും ഒന്ന് വീതം ബാത്ത് റൂമുകളും ഉണ്ടായിരിക്കേണ്ടതാണ്.
- വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ ഓരോ 40 പുരുഷനും ഒന്ന് വീതവും ഓരോ 15 സ്ത്രീകൾക്കും ഒന്ന് വീതവും വാട്ടർ ക്ലോസറ്റും, ഓരോ 50 പുരുഷൻമാർക്ക് ഒന്ന് വീതവും മൂത്രപ്പുരകളും ഓരോ 40 പേർക്കും ഒന്നുവീതം വാഷ്ബേസിനുകളും ഉണ്ടായിരിക്കേണ്ടതാണ്.
- ഓഫീസ്/കച്ചവട/വ്യവസായ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ ഓരോ 25 പുരുഷൻമാർക്ക് ഒന്ന് വീതവും ഓരോ 15 സ്ത്രീകൾക്ക് ഒന്നുവീതവും വാട്ടർ ക്ലോസറ്റുകളും ഓരോ 25 പേർക്കും ഒന്ന് വീതം മൂത്രപ്പുരകളും ഉണ്ടായിരിക്കേണ്ടതാണ്.
- കിടത്തി ചികിത്സിക്കുന്ന ആശുപത്രികളിൽ ഓരോ 8 കിടക്കകൾക്കും ഒന്ന് വീതം വാട്ടർക്ലോസറ്റും 30 കിടക്കയ്ക്ക് വരെ രണ്ടും അതിൽ അധികം വരുന്ന ഓരോ 30 കിടക്കകൾക്കും ഒന്ന് വീതവും വാഷ്ബേസിനും ഉണ്ടായിരിക്കേണ്ടതാണ്.
- കിടത്തി ചികിത്സ ഇല്ലാത്ത ആശുപത്രികളിൽ ഓരോ 100 പേർക്കും ഒന്നു വീതം വാട്ടർ ക്ലോസറ്റും, ഓരോ 50 പേർക്കും ഒന്ന് വീതം മൂത്രപ്പുരകളും ഓരോ 100 പേർക്കും ഒന്ന് വീതം വാഷ്ബേസിനും ഉണ്ടായിരിക്കേണ്ടതാണ്.

- മേൽ സൂചിപ്പിച്ചിരിക്കുന്ന നിബന്ധനകൾ ലംഘിച്ചാൽ അധികാരമുള്ള ഒരു കോടതിയാൽ കുറ്റം ചുമത്തപ്പെടുന്നതിന്മേൽ 10000 രൂപയോളം ആകാവുന്ന പിഴയ്ക്കും നിയമലംഘനം തുടരുന്ന പക്ഷം ഓരോ ദിവസവും ആയിരം രൂപവരെയും ശിക്ഷിക്കാവുന്നതാണ്.
- ബാധകമാകുന്ന നിയമം/ചട്ടം : കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 56, 61 (8) ചട്ടം 150, കേരള മുനി സിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 54(6), 59(7), 159
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥർ** : ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറി, സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത പോലീസ് ഓഫീസർ.
- **ആർക്കൊക്കെ പരാതിപ്പെടാം/റിപ്പോർട്ട് ചെയ്യാം** : വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവയ്ക്ക് നേരിട്ടോ, തദ്ദേശഭരണ സ്ഥാപന സെക്രട്ടറി മുഖേനയോ റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഉദ്യോഗസ്ഥർ മുഖേനയോ, നേരിട്ടോ, പൊതുജനങ്ങളിൽ നിന്നോ ലഭിക്കുന്ന പരാതികൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി നേരിട്ട് നടപടി എടുക്കുകയോ പോലീസിന് കൈമാറുകയോ ചെയ്യേണ്ടതാണ്.

## 30. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തൽ

**തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് നിരോധനം ഏർപ്പെടുത്തിയിട്ടുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ സംഭരിക്കുകയോ വിപണനം നടത്തുകയോ ചെയ്യുന്നത് പരിസ്ഥിതി വകുപ്പിന്റെ 17.12.2019 തീയതിയിലെ സ.ഉ. (കൈ) നം.7/2019/പരി, 27.01.2020 തീയതിയിലെ** GO(MS) No. 2/2020/ENVS, 16.02.2020 **തീയതിയിലെ** GO(MS) No. 4/2020/ENVS**, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 04.01.2021 തീയതിയിലെ ജി.ഒ. (ആർ.ടി) നം. 18/2021/ എൽ.എസ്.ജി.ഡി. എന്നീ ഉത്തരവുകൾ പ്രകാരവും തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി പ്രകാരവും ശിക്ഷാർഹമായ കുറ്റമാണ്.**

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയോ സംഭരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ, 'ഇവിടെ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ/ കവറുകൾ വിൽക്കുന്നതല്ല' എന്ന ബോർ

ഡ് എഴുതി പ്രദർശിപ്പിക്കാത്ത വ്യാപാര സ്ഥാപനങ്ങൾ, പുനചംക്രമണം ചെയ്യാൻ പറ്റാത്ത പ്ലാസ്റ്റിക്, ലോഹം പൂശിയ മാലിന്യങ്ങൾ, മൾട്ടി ലെയേർഡ് സാഷെകൾ, പൗച്ചുകൾ, പാക്കേജിംഗ് കവറുകൾ എന്നിവയിൽ വിൽപ്പന നടത്തുന്ന സാധനങ്ങൾ ഇറക്കുമതി ചെയ്യുന്ന ബ്രാൻഡ് ഉടമകൾ ഉൽപ്പാദകർ എന്നിവരിൽ ഉപയോഗം കഴിഞ്ഞ ഇത്തരം ഉൽപ്പന്നങ്ങൾ തിരിച്ചെടുക്കാൻ സംവിധാനങ്ങൾ ഒരുക്കാത്തവർ, തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് നിരോധിച്ചിട്ടുള്ള നിശ്ചിത കനമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയോ ശേഖരിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നവർ എന്നിവർക്കെതിരെ ഈ ഉത്തരവുകൾ പ്രകാരം നിയമ നടപടി സ്വീകരിക്കാവുന്നതാണ്.

- ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ (കനം നോക്കാതെ), പ്ലാസ്റ്റിക് ഷീറ്റ്, പ്ലേറ്റുകൾ, കപ്പുകൾ, തെർമ്മോക്കോൾ, സ്റ്റൈറോഫോം ഉപയോഗിച്ചുണ്ടാക്കുന്ന അലങ്കാര വസ്തുക്കൾ, പ്ലാസ്റ്റിക് കോട്ടിംഗ് ഉള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗൾ, ക്യാരി ബാഗുകൾ, നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ്, പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ, 300 മി.ലിറ്ററിന് താഴെയുള്ള പെറ്റ് ബോട്ടിലുകൾ, ഗാർബേജ് ബാഗ്, പി.വി.സി. ഫ്ളക്സ്, പ്ലാസ്റ്റിക് പാക്കറ്റ്സ് എന്നിവ നിർമ്മിക്കുകയോ കൊണ്ടു പോവുകയോ സൂക്ഷിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്ന നിർമ്മാതാക്കൾ, മൊത്ത വിതരണക്കാർ, ചെറുകിട വിൽപ്പനക്കാർ, കടക്കാർ, വിൽക്കുന്നവർ എന്നിവർക്ക് 10,000 രൂപ പിഴ ചുമത്താവുന്നതാണ്. രണ്ടാമതുള്ള നിയമ ലംഘനത്തിന് 25000 രൂപയും തുടർന്നുള്ള നിയമ ലംഘനത്തിന് 50000 രൂപയും പിഴ ചുമത്താവുന്നതാണ്. തുടർന്നുള്ള നിയമ ലംഘനത്തിന് സ്ഥാപനത്തിന്റെ നിർമ്മാണ/പ്രവർത്തനാനുമതി റദ്ദാക്കാവുന്നതാണ്.
- ബാധകമായ നിയമം/ചട്ടം- സർക്കാർ : സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (കൈ) നം.6/2019/ പരി തീയതി 27.11.2019 തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി ഖണ്ഡിക 7.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗങ്ങൾ** : സബ് ഡിവിഷണൽ മജിസ്ട്രേട്ട് /മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ/ തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി
- **ആർക്കൊക്കെ പരാതിപ്പെടാം/ റിപ്പോർട്ട് ചെയ്യാം** : വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് മേൽ സൂചിപ്പിച്ച ഉദ്യോഗസ്ഥർക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യാവുന്നതാണ്.

## 31. ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട നടപടികൾ

**പൊതു സ്ഥലങ്ങളിലും ജലസ്രോതസ്സുകളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും ഒഴുക്കി വിടുന്നതും മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക നാശത്തിന് ഉത്തരവാദികളായവർ ബഹു. ദേശീയ ഹരിത ട്രൈബ്യൂണൽ പ്രിൻസിപ്പൽ ബഞ്ചിന്റെ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം നൽകാൻ ബാധ്യസ്ഥരാണ്.**

പൊതു സ്ഥലങ്ങളിലോ ജലസ്രോതസ്സുകളിലോ ഖര-ദ്രവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർ, മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിബന്ധനകൾക്ക് വിരുദ്ധമായി ജലസ്രോതസ്സുകളിലേക്ക് മാലിന്യങ്ങൾ ഒഴുക്കിവിടുന്ന വ്യവസായ സ്ഥാപനങ്ങൾ, മലിനജലമോ മാലിന്യങ്ങളോ പൊതുസ്ഥലത്തോ ജലസ്രോതസ്സുകളിലോ എത്തിച്ചേരുംവിധം അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന കച്ചവട സ്ഥാപനങ്ങൾ എന്നിവർക്കെതിരെയെല്ലാം ഇതനുസരിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

- പാരിസ്ഥിതിക നാശം ഉണ്ടാകുംവിധമുള്ള പ്രവൃത്തികൾ ചെയ്യുന്നവർ അതുമൂലമുണ്ടാകുന്ന നഷ്ടം നികത്താൻ ബാധ്യസ്ഥരാണ്. മാലിന്യങ്ങൾ നിക്ഷേപിച്ചും ഒഴുക്കി വിട്ടും മലിനീകരണം ഉണ്ടാക്കുന്നവരെ കണ്ടെത്തുന്നതിനായി ക്യാമറകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.
- ബാധകമായ ഉത്തരവ് : ബഹു. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 25.04.2019 ലെ ഒ.എ. 606/2018 നമ്പർ ഉത്തരവ്, ഒ.എ. നം 593/2017 നമ്പർ ഉത്തരവ്, ഗ്രീൻ ട്രൈബ്യൂണൽ സ്റ്റേറ്റ് ലെവൽ മോണിട്ടറിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ.
- **നടപടി സ്വീകരിക്കേണ്ട ഉദ്യോഗങ്ങൾ** : മലിനീകരണ നിയന്ത്രണ ബോർഡ് ജില്ലാ ഓഫീസർ, തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി.
- **ആർക്കൊക്കെ പരാതിപ്പെടാം/ റിപ്പോർട്ട് ചെയ്യാം** : വ്യക്തികൾ, സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് നേരിട്ടോ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ മുഖേനയോ പരാതിപ്പെടാം.

# അനുബന്ധങ്ങൾ

## അനുബന്ധം – 1

## മാലിന്യവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾക്ക് എതിരെ നടപടി സ്വീകരിക്കുമ്പോൾ പൊതുവായി പാലിക്കേണ്ട പ്രധാന നടപടിക്രമങ്ങൾ

1. ഗ്രാമപഞ്ചായത്ത്/നഗരസഭ സെക്രട്ടറിക്കോ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സ്വമേധയാലോ പരാതിയിൻമേലോ നടപടി സ്വീകരിക്കാം.
2. കുറ്റക്കാരെ കണ്ടെത്തുന്നതിന് അന്വേഷണം നടത്തണം. സെക്രട്ടറി മറ്റൊരു ഉദ്യോഗസ്ഥനെ(യെ) ചുമതലപ്പെടുത്തുകയാണെങ്കിൽ രേഖാമൂലം ചുമതലപ്പെടുത്തി ഉത്തരവ് നൽകണം.
3. അന്വേഷണം നടത്തി കണ്ടെത്തുന്ന കുറ്റക്കാരോട് വിശദീകരണം ആവശ്യപ്പെട്ട് മതിയായ സമയം അനുവദിച്ച് നോട്ടീസ് നൽകണം. (മാതൃകാ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്).
4. നോട്ടീസ് കൈപ്പറ്റാൻ വിസമ്മതിക്കുന്ന പക്ഷം രണ്ടു സാക്ഷികളുടെ സാന്നിദ്ധ്യത്തിൽ നോട്ടീസ് പതിച്ചു നടത്തണം.
5. നോട്ടീസിന്റെ സമയപരിധിക്കുള്ളിൽ തൃപ്തികരമായ മറുപടി ലഭിക്കാതിരിക്കുകയോ ലഭിച്ച മറുപടി തൃപ്തികരമല്ലെങ്കിലോ കക്ഷിയെ നേരിൽ കേൾക്കണം.
6. കക്ഷിയെ നേരിൽ കേട്ടശേഷം ചെയ്ത കുറ്റത്തിന് ന്യായീകരണമില്ലാത്ത പക്ഷം കുറ്റം രാജിയാക്കൽ ചട്ടപ്രകാരം നോട്ടീസ് നൽകണം.
7. കുറ്റം രാജിയാക്കാൻ കക്ഷി ഉദ്ദേശിക്കുന്നുവെങ്കിൽ അഞ്ചുരൂപാ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷയും 10 രൂപ ഫീസും ഒടുക്കി 15 ദിവസത്തിനകം സെക്രട്ടറിക്കു നൽകണം.
8. അത്തരത്തിൽ ലഭിക്കുന്ന അപേക്ഷ പ്രകാരം കുറ്റങ്ങൾ രാജിയാക്കൽ ചട്ടങ്ങൾ അനുസരിച്ചുള്ള തുക ഈടാക്കി സെക്രട്ടറിക്കു കുറ്റം രാജിയാക്കാവുന്നതാണ്.
9. കുറ്റം രാജിയാക്കാത്ത പക്ഷം അധികാര പരിധിയിലുള്ള ജുഡീഷ്യൽ കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യണം. (മാതൃക അനുബന്ധം 3 ആയി ചേർത്തിട്ടുണ്ട്)
10. കേസ് ഫയൽ ചെയ്യുന്നതിനായി കൃത്യസ്ഥല മഹസ്സർ തയ്യാറാക്കണം(മാതൃക അനുബന്ധം 4 ആയി ചേർത്തിട്ടുണ്ട്).
11. പോലീസ്, മലിനീകരണ നിയന്ത്രണ ബോർഡ്, ഭക്ഷ്യസുരക്ഷാ വകുപ്പ്, ആരോഗ്യവകുപ്പ് തുടങ്ങിയ ഏജൻസികൾ നിയമനടപടി സ്വീകരിക്കേണ്ട കുറ്റങ്ങളിൽ നടപടി ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കത്ത് നൽകേണ്ടതാണ്. ഇതോടൊപ്പം സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടും ഉൾപ്പെടുത്താവുന്നതാണ്.

## അനുബന്ധം – 2

**പ്രോസിക്യൂഷൻ നടപടിയുടെ ഭാഗമായി കുറ്റാരോപിതർക്ക് നൽകേണ്ട നോട്ടീസിന്റെ മാതൃക**

..............................................................................ഗ്രാമപഞ്ചായത്ത്/നഗരസഭ.................................... ഗ്രാമപഞ്ചായത്ത്/നഗരസഭാ സെക്രട്ടറി ...............................................നിയമം/ചട്ടത്തിലെ ..................................വകുപ്പുകൾ/ചട്ടങ്ങൾ പ്രകാരം നൽകുന്ന നോട്ടീസ്.

## നോട്ടീസ്

നോട്ടീസ് നമ്പർ....................... തീയതി .....................................

**വിഷയം :** ......................................................................................ചെയ്തതിനുള്ള ശിക്ഷാ നടപടികൾ സംബന്ധിച്ച്.

**സൂചന :** 1. .....................................നൽകിയ.......................................തീയതിയിലെ പരാതി

2......................................ന്റെ..............................തീയതിയിലെ റിപ്പോർട്ട്/സെക്രട്ടറി ആയ എന്റെ ............തീയതിയിലെ നേരിട്ടുള്ള സ്ഥല പരിശോധനാ റിപ്പോർട്ട്.

സൂചന റിപ്പോർട്ടിൻ പ്രകാരം താങ്കൾ താഴെപറയുന്ന കുറ്റകരമായ പ്രവൃത്തി ചെയ്ത് ശല്യം ഉണ്ടാക്കിയിരിക്കുന്നതായി ബോധ്യപ്പെട്ടിരിക്കുന്നു.

..........................................................................................................................................

..........................................................................................................................................

മേൽപ്പറഞ്ഞ പ്രവൃത്തി ...................നിയമം/ചട്ടങ്ങളിലെ.......................വകുപ്പുകളുടെ/ചട്ടങ്ങളുടെ ലംഘനമാകയാൽ കുറ്റകരവും ശിക്ഷാർഹവുമാണ്. ടി കുറ്റത്തിന് താങ്കളാണ് ഉത്തരവാദി എന്ന് ബോധ്യപ്പെട്ടിരിക്കുന്നതിനാൽ ടി നിയമത്തിലെ /ചട്ടത്തിലെ .................വകുപ്പ്/ചട്ടം പ്രകാരം ............................രൂപ (രൂപ അക്ഷരത്തിൽ ........ ...................................................) പിഴ ചുമത്തിയിരിക്കുന്നു.

ടി തുക ഈ നോട്ടീസ് താങ്കൾ കൈപ്പറ്റിയ /ഞാൻ നിയമാനുസൃതം പതിച്ച് നടത്തിയ............................തീയതി മുതൽ 7 ദിവസങ്ങൾക്കകം താങ്കൾ ഗ്രാമപഞ്ചായത്ത്/നഗരസഭാ ഖജനാവിൽ അടയ്ക്കേണ്ടതാണെന്ന്.........................നിയമം/ചട്ടങ്ങൾ...................................വകുപ്പ്/ചട്ടം പ്രകാരം താങ്കളെ അറിയിക്കുന്നു. അപ്രകാരം ചെയ്യാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ താങ്കളുടെ ജംഗമസ്വത്തുക്കൾ ജപ്തി ചെയ്ത് ടി തുകയും ജപ്തി വാറണ്ട് ഫീസും മറ്റനുബന്ധ ചെലവുകളും ബന്ധപ്പെട്ട നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരം താങ്കളിൽ നിന്ന് വസൂൽ ചെയ്യുന്നതാണ്.

കൂടാതെ മേൽപ്പറഞ്ഞ നിയമലംഘനം താങ്കൾ തുടർന്നും ആവർത്തിക്കുന്നതായി കാണുന്ന പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ താങ്കൾക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെ നിയമനടപടികൾ സ്വീകരിക്കുന്നതും, പ്രസ്തുത ശല്യം തടയുന്നതിലേയ്ക്ക് അതത് സംഗതിപ്പോലെ യുക്തമെന്ന് തോന്നുന്ന പരിഹാര നടപടികൾ ഡിപ്പാർട്ടുമെന്റലായി സ്വീകരിക്കുന്നതും, ആയതിലേക്ക്.............ഗ്രാമപഞ്ചായത്തിന്/നഗരസഭയ്ക്ക് നേരിടുന്ന ഡിപ്പാർട്ടുമെന്റൽ ചെലവുകൾ ഉൾപ്പെടെ സകലവിധ കഷ്ടനഷ്ടങ്ങൾക്കും താങ്കൾ ഉത്തരവാദിയായിരിക്കുന്നതാണെന്നും അത്തരം ചെലവുകൾ നിയമാനുസൃതമുള്ള പിഴ സഹിതം താങ്കളിൽ നിന്നും ഈടാക്കുന്നതായിരിക്കുമെന്നും ഇതിനാൽ അിറയിക്കുന്നു.

സ്ഥലം:.................
തീയതി:................ സെക്രട്ടറി

To, ശ്രീ/ശ്രീമതി ..........................................................................................................................

## അനുബന്ധം – 3
## പ്രോസിക്യൂഷൻ നടപടിയുടെ ഭാഗമായി കോടതിയിൽ സമർപ്പിക്കുന്ന അപേക്ഷയുടെ മാതൃക

BEFORE THE HON'BLE COURT OF .....................................................................................

1. Complainant :
2. Accused :
3. Date of Offence :
4. Particulars of charge against the accused :

............................ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ.............................................വാർഡിൽ ...............................വീട്ടിൽ താമസിക്കുന്ന ..........................എന്ന വ്യക്തി ചെയ്യുന്ന ....................................................പ്രവൃത്തി മൂലം പരിസരവാസികൾക്കും പൊതുജന ങ്ങൾക്കും അസഹ്യമായ ദുർഗന്ധവും പരിസര മലിനീകരണവും ഉണ്ടാകുന്നതായും ഈച്ച, കൊതുക് തുടങ്ങിയവയുടെ ഉപദ്രവമുണ്ടാകുന്നതായും, ..........................പരാതി പ്പെട്ടതനുസരിച്ച് /ഹെൽത്ത് ഇൻസ്പെക്ടർ/ .......................................................... സ്ഥലം പരിശോധിച്ചതിൽ ബോധ്യപ്പെട്ടതനുസരിച്ച് ..................നമ്പരായി മേൽ പ്രവൃത്തി ഒഴിവാക്കുന്നതിനും, സ്വന്തം പുരയിടത്തിൽ സോക്ക്പിറ്റ് നിർമ്മിച്ച് മലിനജലം ഒഴു ക്കിവിടുന്നതിനും പരാതിക്കാരിയ്ക്കും പൊതുജനങ്ങൾക്കും ഉപദ്രവകരമായ ടി പ്ര വൃത്തി ഒഴിവാക്കുന്നതിനും ആദ്യ നോട്ടീസ് നൽകുകയുണ്ടായി/കൈപ്പറ്റാത്തതിനാൽ പതിച്ചു നൽകുകയുണ്ടായി. നോട്ടീസ് നിർദ്ദേശങ്ങൾ പാലിക്കാത്തതിനാൽ .............ൽ 15 ദിവസം സമയം കാണിച്ച് രണ്ടാമത്തെ നോട്ടീസും നൽകുകയുണ്ടായി/ കൈപ്പറ്റാ ത്തതിനാൽ പതിച്ചു നൽകുകയുണ്ടായി. കക്ഷി ടി നോട്ടീസ് നിർദ്ദേശങ്ങൾ പാലിക്കാ ത്തതിനാൽ ..............................ൽ ഫൈനൽ നോട്ടീസ് നൽകുകയുണ്ടായി/കൈപ്പറ്റാത്ത തിനാൽ പതിച്ചു നൽകുകയുണ്ടായി.

പ്രസ്തുത സാഹചര്യത്തിൽ പൊതുജനങ്ങൾക്കും പരിസരവാസികൾക്കും ഉപ ദ്രവകരമായി നടത്തുന്ന ടി പ്രവൃത്തി .......................നിയമം/ചട്ടങ്ങളിലെ ................വകു പ്പുകൾ/ചട്ടങ്ങൾ പ്രകാരം കുറ്റകരവും, ശിക്ഷാർഹവുമായതിനാൽ പ്രതിയെ നോട്ടീസ് നൽകി അയച്ചു വരുത്തി അർഹമായ ശിക്ഷ നൽകണമെന്ന് ബഹു. കോടതി മുൻപാകെ അപേക്ഷിച്ചുകൊള്ളുന്നു.

5. Section of the law under which offence committed:
6. Address of witnesses : 1.
   2.

7. List of documents submitted : 1.Mahazar
   2. Notice no………….
   3. Notice no………….....
   4. Notice no……....….
   5. ……..........................

Place : ………………...
Date : …………………

Signature of complainant

## അനുബന്ധം – 4

# മാതൃകാ മഹസ്സർ

..........(വർഷം).....................(മാസം)...............തീയതി............................ഗ്രാമപഞ്ചായത്ത്/ നഗരസഭ സെക്രട്ടറി/ഹെൽത്ത് ഇൻസ്പെക്ടർ....................വാർഡിൽ.............സ്ഥലത്ത് നേരിൽ പരിശോധന നടത്തി എഴുതി തയ്യാറാക്കുന്ന മഹസ്സർ.

........................ഗ്രാമപഞ്ചായത്ത്/നഗരസഭയിലെ................വാർഡിൽപെട്ട ............................പേരുള്ള ഈ പ്രദേശം (സ്ഥിതിചെയ്യുനന സ്ഥലത്തെക്കുറിച്ച് വ്യക്ത മായ രൂപരേഖ വിശദീകരിക്കണം)

ഇന്നേ ദിവസം ഞാൻ കൃത്യം ...........................മണിക്ക് ഈ പ്രദേശത്ത് എത്തി ച്ചേർന്നു. എന്റെ സഹായത്തിന് ........................ഓഫീസിലെ .........................ജീവനക്കാരും (പേരും ഔദ്യോഗിക വിലാസവും) ............................ഉണ്ടായിരുന്നു.

മാലിന്യം പൊതു നിരത്തിൽ ജലസ്രോതസ്സിൽ വലിച്ചെറിഞ്ഞ് പരിസരം മലിനീകരണമുണ്ടാക്കുന്നതായി പരാതി ലഭിച്ചും നേരിൽ കണ്ടു ബോധ്യപ്പെട്ടുമാണ് പരിശോധനക്ക് എത്തിയത്. എന്റെ പരിശോധനയിൽ................നമ്പർ...................വാഹ നത്തിൽ (ഇരുചക്രം/മുച്ചക്രം/കാർ/ലോറി/സൈക്കിൾ/കൈവണ്ടി) അഴുകുന്നതും അഴുകാത്തതുമായ മാലിന്യം (ഏതു തരം മാലിന്യം) കൊണ്ടിടുന്നതു നേരിൽ കാണു കയും മാലിന്യക്കെട്ടുകൾ അഴിച്ചു പരിശോധിച്ചതിൽ കണ്ടെത്തുകയും ചെയ്ത തിന്റെ അടിസ്ഥാനത്തിൽ ഇതിനുത്തരവാദിയായ വ്യക്തി..............................ജില്ലയിൽ ........................താലൂക്കിൽ............................പഞ്ചായത്ത്..................................പ്രദേശത്ത് ............................വീട്ടിൽ........................മകൻ........................ആണെന്ന് ബോധ്യമായിട്ടുണ്ട്.

പരിശോധനയിൽ ആരോഗ്യത്തിനു ഹാനികരമായതും പകർച്ച വ്യാധികൾ ഉണ്ടാവാൻ സാധ്യതയുള്ളതും ദുർഗന്ധം വമിക്കുന്നതും ഈ മാലിന്യത്തിൽ നിന്നും മലിനജലം ഒലിച്ചിറങ്ങി പരിസരവും അന്തരീക്ഷവും മലിനീകരിക്കുന്നതുമായ മാലി ന്യമാണ് കൊണ്ടിട്ടിരിക്കുന്നതെന്നു ബോധ്യമായി. കാക്ക, കൊക്ക്, പട്ടി തുടങ്ങിയവ യുടെ സാന്നിദ്ധ്യവും ഈച്ചയും മറ്റു പ്രാണികളുടെ ശല്യവും ഉണ്ടായിക്കൊണ്ടിരി ക്കുകയാണ്. വളരെ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന ഈ നടപടി അത്യന്തം കുറ്റകരവും ശിക്ഷാർഹവുമാണ്.

ഈ നടപടിക്കു കാരണക്കാരനായ .........................................കക്ഷിയെ നേരിൽ കാണുകയും ചെയ്ത പ്രവൃത്തി തെറ്റാണെന്നു ബോധ്യപ്പെടുത്തുകയും മഹസ്സർ വായിച്ചുകേൾപ്പിക്കുകയും ചെയ്തു. ടി യാൻ മഹസ്സർ ഒപ്പിട്ടു നൽകുകയും /ഒപ്പിടാൻ വിസമ്മതിക്കുകയും ചെയ്തു.

സാക്ഷികൾ 1.
2.

മഹസ്സർ കൈപ്പട ...................(പേരും ഔദ്യോഗിക മേൽവിലാസവും ഒപ്പും)
മഹസ്സർ തയ്യാറാക്കിയ ഉദ്യോഗസ്ഥൻ

## അനുബന്ധം – 5

### ഡി. ജി. പി. യുടെ എക്സിക്യൂട്ടീവ് ഡയറക്ടീവിന്റെ പകർപ്പ്

No. D2-206170/2016/PHQ
Police Headquarters, Kerala
Thiruvananthapuram – 6951010
Dated : 14/11/2016

## Executive Directive No. 9/2016

Sub: Waste dumping and Polluting Air and Water bodies – Enforcement of act and rules – Special Drive – Instructions issued – reg.

Ref: 1). Circular No. 9/20166 dtd. 23.06.2016.
2). PHQ Office Order No. U4-96398/2016/PHQ dtd. 29/09/2016.

The Government of Kerala has launched the 'Haritha Keralam' initiative to keep out state clean and green. To achieve this, the State Government is gearing up for a high voltage people's campaign involving all the stake holders. Suchitwa Mission, the State Government agency, which co-ordinates the program has requested the whole-hearted participation fot he State Police in this venture. As such, we have tied up with Suchitwa Mission to start and achieve the green protocol in our offices. Instructions and guidelines have already been given to achieve zero waste police premises for strict compliance. In addition, Suchitwa Mission and Government of Kerala have also requested the involvement of Kerala Police in the enforcement of legal provisions for preventing the littering, dumping and burning of waste in public places and polluting the air and water bodies.

Accordingly, in continuation of the earlier orders, the following instructions are issued.

1. All Police Stations in the State should participate and co-operative with the activities of State Government Departments, Suchitwa Mission and local bodies in their efforts to achieve a green and clean environment and preventing littering and unscientific treatment of solid and liquid wastes in their locality. All SHOs, CIs and DySsP should take a pro-active role in this venture.
2. Police can take cognizance of littering of wastes and polluting air and water bodies and register cases under sections 269 r/w 278 of IPC and Section 120 (e) of Kerala Police Act. Sections 340 (A) & 340 (B), 341 and 342 of the Kerala Municipalities Act 1994 and sections 219 (N), 219 (P) and 252 of the Kerala Panchayathi Raj Act are also relevant. These provisions are detailed as annexure.
3. The SHOs, CIs and Sub-division officers all should take on active involvement in the implementation of the provisions as per the guidelines detailed below:

**a. Role of SHQ**

The SHOs should chalk out an action plan to make their locality free from littering with solid and liquid type of waste and other hazardous substances as well as burning dumped plastic wastes. This should be done in a phased manner.

**Stage 1: Mapping :**

At the first stage, black spots in which is high presence of waste dumping, burning of mixed waste which contains plastic, rubber and other hazardous materials, waste water draining etc. Polluting water bodies and canals should be identified with the help of local body authorities (Grama Panchayat/Urban Local Bodies), Suchitwa Mission, health department and other agencies concerned.

**Stage 2 : Awareness Drive**

In the second stage, an awareness drive engaging Janamaithri Beat Officers and Civil Police Officers in Police Stations should be conducted to make the people aware of the environment, health and social issues, legal provisions of waste dumping, burning and polluting air and water. All agencies which have a stake in it should also be involved in this drive. Prior to the campaign, a meeting of all such agencies should be held to chalk out the implementation strategy of this drive. This should be completed within two months.

**Stage 3 : Warning**

As a sequel to this awareness drive, in the third stage, patrolling teams should be engaged in finding out Littering, large scale dumping as well as mass burning of waste material in their locality and also. Strong warning can be given to such culprits initially.

**Stage 4 : Enforcement**

In the final stage, patrolling should be intensified and persons who violate the provisions and resort to waste dumping and dumping and burning in public places or polluting air or water bodies should be booked and cases should be registered invoking the relevant legal provisions.

**b. Role of CI:**

The CIs should initiate the action to co-ordinate all the stake holding agencies for the Pollution Mapping and data collection. They should also organize the meeting of the stake holding agencies in their jurisdiction prior to mapping and awareness drive. They should also closely monitor the activities at Station Level and send a monthly CI level consolidated report to the DySP and DPC concerned, regarding the program of this activity.

**c. Role of DySP :**

The sub-division officers should conduct a meeting of all CIs, SHOs under them and chalk out a sub-divisional plan and time frame, taking into account the local specificities. They should

liaise with the local body authorities for the successful conduct of the mapping, awareness drive and should from special patrol teams in the final stage to find out the bulk waste dumping, especially by commercial establishments, hospitals etc. They should also send a monthly Sub-divisional level consolidated report to the DPC concerned.

**d. Role of DPC :**

All DPCs should closely monitor the progress of these activities in the their district, conduct review meetings and send a monthly consolidated report to the State Police Chief through the Range IsGP and ADGsP.

4. All Range IsGP and ADGsP are directed to closely monitor the program, hold monthly review meeting and ensure timely sending of reports.
5. After six months, a state level evaluation will be done based on which SPC's Trophy and Rewards will be given away to one SHO each at district level and one CI each at the zonal level, one DySP and one DPC at the State Level.
6. The State Project Management Committee of the Student Police Cadet program shall include Green Protocol Campaign as one of the prime items in their activity calendar.

**Loknath Behra IPS**
DGP & State Police Chief

# അനുബന്ധം – 6

"ഭരണഭാഷ–മാതൃഭാഷ"

കേരളാ സർക്കാർ

സംഗ്രഹം

പരിസ്ഥിതി വകുപ്പ് – 27.11.2019 ലെ സർക്കാർ ഉത്തരവ് (കൈ.)6/2019 പരിസ്ഥിതി പ്രകാരം 01.01.2020 മുതൽ കേരള സംസ്ഥാനത്ത് ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ പൂർണ്ണമായ നിരോധനം ഏർപ്പെടുത്തിയത് – വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

**പരിസ്ഥിതി (ബി) വകുപ്പ്**

സ.ഉ.(കൈ)നം. 7/2019/പരി　　　　　തീയതി, തിരുവനന്തപുരം, 17.12.2019

---

പരാമർശം:- 1. 27.11.2019 ലെ സ.ഉ(കൈ) 6/2019/പരി നം. ഉത്തരവ്
2. 10.02.1988 ലെ കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷൻ നം. S.O 152(E).

**ഉത്തരവ്**

1. 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് നിലവിൽ വന്നതിന് ശേഷം ശേഖരണത്തിനും പുനരുപയോഗം സാധ്യമാക്കുന്നതിനുമായി 50 മൈക്രോണിന് താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗവും വിൽപ്പനയും സർക്കാർ കർശനമായി നിയന്ത്രിച്ചിരുന്നു. പ്ലാസ്റ്റിക് വസ്തുക്കളടക്കം എല്ലാത്തരം മാലിന്യവും തരംതിരിച്ച് നശിപ്പിക്കുന്നതിനായി ഗവൺമെന്റ് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു. എന്നാൽ ഇത്തരം വസ്തുക്കളുടെ അനിയന്ത്രിതമായ ഉപഭോഗം ഒരു പാരിസ്ഥിതിക ആരോഗ്യ പ്രശ്നമായി മാറിയിരിക്കുന്നു. പ്ലാസ്റ്റിക് വസ്തുക്കൾ പുനരുപയോഗം പോലും അസാധ്യമാക്കുന്ന തരത്തിൽ പുഴകളിലും ജലാശയങ്ങളിലുമാണ് എത്തിചേരുന്നത്. പരിസ്ഥിതിക്ക്, പ്രത്യേകിച്ച് ജലാശയങ്ങളുടെ സന്തുലിതാവസ്ഥ ഇതുമൂലം അപകടാവസ്ഥയിലായി . പ്രളയാനന്തര കേരളത്തിൽ പുഴകളിൽ നിന്നും കടലിൽ നിന്നും പ്ലാസ്റ്റിക് ബോട്ടിലുകളും മാലിന്യങ്ങളും തീരത്തോടടിഞ്ഞത് നമ്മൾ കണ്ടതാണ്. ഇതുമൂലം തലമുറകളുടെ സന്തുലിതാവസ്ഥക്കു തന്നെ ഭീഷണിയായി തീർന്നു. പ്ലാസ്റ്റിക് മൂലമുള്ള ഭവിഷ്യത്ത് എല്ലാവരും തിരിച്ചറിഞ്ഞതും പൊതുവിൽ പ്ലാസ്റ്റിക്കിനെതിരെയുള്ള ജനവികാരം മുന്നിൽ നിർത്തി രാജ്യത്തെ 10 ൽ അധികം സംസ്ഥാനങ്ങൾ ഇത്തരം ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ ഉൽപ്പാദനം, സൂക്ഷിക്കൽ, വിൽപ്പന, ഉപഭോഗം എന്നിവ നിരോധിച്ചിരുന്നു. കേന്ദ്ര സർക്കാരും ഒറ്റത്തവണ പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപഭോഗം കുറയ്ക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

2. ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെമേൽ നിയന്ത്രണം കൊണ്ടുവരുവാൻ ആവശ്യപ്പെട്ട് വ്യക്തികളും മറ്റ് സംഘടനകളും ഹരിത ട്രൈബ്യൂണലിലും മറ്റും കേസ് ഫയൽ ചെയ്തിരുന്നു. Almitra Patel എന്നയാൾ NGT മുൻപാകെ ഫയൽ ചെയ്ത OA 606/2014 നം കേസിൽ പി.വി.സി/ഫ്ളക്സ് എന്നിവ നിരോധിക്കുന്നതിന് ദേശീയ ഹരിത ട്രിബ്യൂണൽ നിർദ്ദേശിച്ചിരുന്നു. . ഇത്തരം പ്ലാസ്റ്റിക് വസ്തുക്കളുടെ നിരോധനം ഏർപ്പെടുത്തുന്നതിനായി All Kerala River Protection Council എന്ന സംഘടന ഹൈക്കോടതിയിൽ 5636/2016 ആയി കേസ് ഫയൽ ചെയ്തിരുന്നു. ഈ കേസിന്റെ വിധിയിൽ ബഹു ഹൈക്കോടതി ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കളുടെ നിരോധനം പരിഗണിക്കാൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

3. പരിസ്ഥിതി സംരക്ഷണ ആക്ട് 1986 ലെ Sec.23 പ്രകാരം കേന്ദ്ര സർക്കാർ 10.02.1988 ലെ നോട്ടിഫിക്കേഷൻ നം.S.O-152(E) പ്രകാരം Environment Protection Act ലെ Section 5 ലെ അധികാരം കേരളം ഉൾപ്പെടെ സംസ്ഥാനങ്ങൾക്ക് നൽകിയിരുന്നു. ഇതു പ്രകാരം സംസ്ഥാന സർക്കാരിന് ഏതെങ്കിലും വ്യവസായങ്ങളുടെ പ്രവർത്തനം അവസാനിപ്പിക്കാനോ നിയന്ത്രിക്കാനോ അവകാശം ഉണ്ട്.

4. സർക്കാരിതര സംഘടനകൾ, മാധ്യമങ്ങൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവരുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് ബോധവൽക്കരണത്തിനായി നിരവധി പരിശ്രമങ്ങൾ നടത്തിയിട്ടും ഇത്തരം പ്ലാസ്റ്റിക് വസ്തുക്കൾ ജലാശയങ്ങളിലും, തോടുകളിലും, പുഴകളിലും, കടലുകളിലുമാണ് കൂടുതൽ എത്തിച്ചേരുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പ് ശുചിത്വ മിഷൻ മുഖാന്തരം പ്രകൃതി സൗഹാർദ്ദപരമായ വസ്തുക്കൾ പ്രോത്സാഹിപ്പിക്കുന്നതിനായി Green Protocol 5 വർഷമായി സംസ്ഥാനത്ത് നടപ്പിലാക്കുകയും ഇതിന്റെ ഭാഗമായി വിവാഹം തുടങ്ങിയ സ്വകാര്യ പരിപാടികളിലും, എല്ലാ സർക്കാർ ഓഫീസുകളിലും സർക്കാർ പരിപാടികളിലും Green Protocol നിർബന്ധമാക്കിയിരുന്നു. . പ്ളാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരമുള്ള നടപടികൾ കൊണ്ടു മാത്രം ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗത്തിൽ കുറവ് വരുന്നില്ല എന്ന് സർക്കാരിന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ Environment Protection Act 1986 ലെ section 5 ലെ അധികാരം ഉപയോഗിച്ച് ഇത്തരം വസ്തുക്കളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്താൻ തത്വത്തിൽ തീരുമാനിച്ചു. നിരോധിക്കേണ്ട പ്ലാസ്റ്റിക് വസ്തുക്കളുടെ പട്ടിക തയ്യാറാക്കി അറിയിക്കുന്നതിനായി 12.12.2018 ലെ സ.ഉ(സാധ) 134/2018/പരി പ്രകാരം ഒരു Expert Technical Committee യെ നിയോഗിച്ചു. ടി കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിൽ ഫ്ലാഗുകൾ, പി.വി.സി തുടങ്ങിയവ നിരോധിക്കാനും മറ്റു ചില വസ്തുക്കൾ ഭാഗികമായി നിരോധിക്കാനും കൂടാതെ return and earn scheme (ക്യാഷ് റീഫണ്ട് സ്കീം) നടപ്പിലാക്കാനും ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. പ്ലാസ്റ്റിക്ക് വസ്തുക്കളുടെ ഉപഭോഗം നിയന്ത്രിക്കുന്നതിനായി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടും പ്ലാസ്റ്റിക്ക് ഉപഭോഗത്തിൽ യാതൊരു കുറവും അനുഭവപ്പെട്ടില്ല. രാജ്യത്തെ പല സംസ്ഥാനങ്ങളും ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ മേൽ പൂർണ്ണമായും ഭാഗികമായും നിരോധനം ഏർപ്പെടുത്തിയിരുന്നു. ഈ സംസ്ഥാനങ്ങളിൽ പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായിരുന്നു. Expert Technical Committee യുടെ റിപ്പോർട്ടും സർക്കാർ പരിഗണിച്ചു. വിശദമായ പരിശോധനകൾക്ക് ശേഷം കേരള സംസ്ഥാനത്ത് 01.01.2020 മുതൽ ചുവടെ പറയുന്ന ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കളുടെ ഉൽപ്പാദനം, സൂക്ഷിക്കൽ, കൊണ്ടുപോകൽ, വിൽപ്പന എന്നിവ നിരോധിച്ചു കൊണ്ട് 27.11.2019 ലെ സ.ഉ(കൈ) 6/2019/പരി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

| Sl No | Product |
|---|---|
| 1. | പ്ലാസ്റ്റിക് ക്യാരി ബാഗ് (കനം നോക്കാതെ) |
| 2. | പ്ലാസ്റ്റിക് ഷീറ്റ്സ് (ടേബിളിൽ വിരിക്കാൻ ആയി ഉപയോഗിക്കുന്ന), ക്ലിംഗ് ഫിലിം |
| 3. | പ്ലേറ്റുകൾ, കപ്പുകൾ, തെർമോക്കോൾ, സ്റ്റൈറോഫോം ഉപയോഗിച്ചുണ്ടാക്കുന്ന അലങ്കാര വസ്തുക്കൾ |
| 4. | ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ, സ്റ്റിറർ |
| 5. | പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ കപ്പുകൾ, പ്ലേറ്റുകൾ, ബൗൾ, ക്യാരി ബാഗുകൾ |
| 6. | നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ് |
| 7. | പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ |
| 8. | PET/PETE ബോട്ടിലുകൾ കുടിക്കാനുള്ളത് (300ml കപ്പാസിറ്റിക്ക് താഴെ ) |
| 9. | ഗാർബേജ് ബാഗ് (പ്ലാസ്റ്റിക്) |
| 10. | പി.വി.സി ഫ്ലക്സ് മെറ്റീരിയൽസ് |
| 11. | പ്ലാസ്റ്റിക് പാക്കറ്റ്സ് |

6. മേൽ ഉത്തരവിനെ തുടർന്ന് പ്രസ്തുത ഉത്തരവിൽ കൂടുതൽ വ്യക്തത വേണമെന്ന് ആവശ്യപ്പെട്ട് വ്യവസായ സംഘടനകൾ സർക്കാരിനെ സമീപിച്ചു.

7. സർക്കാർ ഇക്കാര്യങ്ങൾ എല്ലാം വിശദമായി പരിശോധിച്ച കൊണ്ട് സൂചന (1) ലെ സർക്കാർ ഉത്തരവിന് ചുവടെ പറയുന്ന സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു. Environment Protection Act 1986 Sec.23 ലെ അധികാരം ഉപയോഗിച്ച് 10.02.1988 ലെ നോട്ടിഫിക്കേഷൻ നം.S.O-152(E) പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് ഡെലിഗേറ്റ് ചെയ്ത Section 5 ലെ അധികാരം ഉപയോഗിച്ച് ചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

8. **സംസ്ഥാനത്ത് 01.01.2020 തീയതി മുതൽ ചുവടെ പറയുന്ന ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായി നിരോധിക്കുന്നു. വ്യക്തികളോ, കമ്പനികളോ, വ്യവസായമോ, സ്ഥാപനമോ ഇത്തരം വസ്തുക്കൾ നിർമ്മിക്കുകയോ, കൊണ്ടുപോവുകയോ, സൂക്ഷിക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്യാൻ പാട്ടുള്ളതല്ല.**

| Sl No | **നിരോധനം ഏർപ്പെടുത്തുന്ന വസ്തുക്കൾ** | റിമാർക്സ് |
|---|---|---|
| 1. | പ്ലാസ്റ്റിക് ക്യാരി ബാഗുകൾ (കനം നോക്കാതെ) | |
| 2. | ടേബിളിൽ വിരിക്കാൻ ആയി ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റ്സ് | **നിരോധനത്തിൽ നിന്ന് ക്ലിങ്ങ് ഫിലിം ഒഴിവാക്കിയിരിക്കുന്നു** |
| 3. | തെർമോക്കോൾ, സ്റ്റൈറോഫോം എന്നിവ ഉപയോഗിച്ചുണ്ടാക്കുന്ന പ്ലേറ്റുകൾ, കപ്പുകൾ, അലങ്കാര വസ്തുക്കൾ | |
| 4. | ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് കപ്പുകൾ, പ്ലേറ്റുകൾ, സ്പൂണുകൾ, ഫോർക്കുകൾ, സ്ട്രോകൾ, ഡിഷുകൾ, സ്റ്റിറർ | കപ്പുകളിൽ ടംബ്ലറുകളും ഉൾപ്പെടും |
| 5. | പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ കപ്പുകൾ, പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ പ്ലേറ്റുകൾ, പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ ബൗളുകൾ ,പ്ലാസ്റ്റിക് കോട്ടിങ് ഉള്ള പേപ്പർ ബാഗുകൾ | |
| 6. | നോൺ വൂവൺ ബാഗുകൾ, പ്ലാസ്റ്റിക് ഫ്ളാഗുകൾ, പ്ലാസ്റ്റിക് ബണ്ടിംഗ് | |
| 7. | പ്ലാസ്റ്റിക് വാട്ടർ പൗച്ചസ്, ബ്രാൻഡഡല്ലാത്ത പ്ളാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ | |
| 8. | പ്ളാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾ | ബ്രാൻഡഡ് പ്ലാസ്റ്റിക് ജ്യൂസ് പാക്കറ്റുകൾക്ക് Extended Producers Responsibility (EPR) ബാധകമാണ്. |
| 9 | PET/PETE കുടിവെള്ള ബോട്ടിലുകൾ( **500 ml കപ്പാസിറ്റിക്ക് താഴെ**) | **നിരോധനത്തിൽ കുടിവെള്ള കുപ്പികളെ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.**<br><br>**500 ML ന് മുകളിൽ വരുന്ന കുടിവെള്ള PET ബോട്ടിലുകളും എല്ലാ അളവിലുമുള്ള ബ്രാൻഡഡ് ജ്യൂസ് ബോട്ടിലുകൾക്കും EPR ബാധകമാണ്.** |

| | | |
|---|---|---|
| 10. | ഗാർബേജ് ബാഗുകൾ (പ്ലാസ്റ്റിക്ക് ) | |
| 11. | പി.വി.സി ഫ്ലക്സ് മെറ്റീരിയൽസ് | |
| 12. | പ്ലാസ്റ്റിക് പാക്കറ്റ്സ് | ചുവടെ ഖണ്ഡിക 10 ൽ വിശദമായി ചേർത്തിരിക്കുന്നു |

9. ചുവടെ പറയുന്ന ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ മേൽ നിരോധനത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

i)പ്ലാസ്റ്റിക് വ്യവസായത്തിൽ export ചെയ്യുന്നതിനായി നിർമ്മിച്ചിട്ടുള്ള പ്ലാസ്റ്റിക് വസ്തുക്കൾ.

ii)ആരോഗ്യ പരിപാലന രംഗത്ത് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ/ഉപകരണങ്ങൾ

iii) കമ്പോസ്റ്റബൾ പ്ലാസ്റ്റിക്കിൽ നിന്ന് നിർമ്മിച്ച പ്ലാസ്റ്റിക്ക് വസ്തുക്കൾ Plastic Waste (Management and Handling) Rule 2016 ൽ നിഷ്കർഷിച്ചിരിക്കുന്നതുപോലെ " കമ്പോസ്റ്റബൾ പ്ലാസ്റ്റിക്ക് ഗണത്തിൽപ്പെടുന്ന Indian Standard IS or ISO 17088: 2008 ലേബൽ പതിപ്പിച്ചത്

10. വിൽപ്പന കേന്ദ്രങ്ങളിൽ പഴങ്ങളും പച്ചക്കറികളും പാക്ക് ചെയ്യാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് പാക്കറ്റുകൾ നിരോധിച്ചിട്ടുണ്ട്. **മുൻകൂട്ടി അളന്നു വച്ചിരിക്കുന്ന ധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, പഞ്ചസാര, ധാന്യപ്പൊടികൾ, മുറിച്ചു വച്ചിരിക്കുന്ന മത്സ്യമാംസാദികൾ എന്നിവ സൂക്ഷിക്കാൻ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് പാക്കറ്റുകളെ നിരോധനത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.**

11. മേൽ നിരോധനത്തിൽ നിന്നും branded വസ്തുക്കളെ ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വസ്തുക്കളുടെ നിർമ്മാതാക്കൾ/ഉൽപ്പാദകർ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ സമർപ്പിച്ചിട്ടുള്ള /രജിസ്റ്റർ ചെയ്തിട്ടുള്ള Extended Producers Responsibility (EPR) Plan പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്. BEVCO, KERAFED, MILMA, Kerala Water Authority തുടങ്ങിയ പ്ലാസ്റ്റിക് പാക്കേജിംഗ് നടത്തുന്ന മറ്റ് പൊതുമേഖല സ്ഥാപനങ്ങൾക്കും ഇത് ബാധകമാണ്. എല്ലാ ഉൽപ്പാദകരും വിൽപ്പനക്കാരും ഇറക്കുമതിക്കാരും EPR plan കർശനമായി പാലിക്കേണ്ടതാണ്. ഇങ്ങനെ ഉണ്ടാകുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാനപനങ്ങൾ നിലവിലെ സംവിധാനങ്ങൾ വഴി ശേഖരിച്ച് നീക്കം ചെയ്യേണ്ടതാണ്. EPR സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

12. ഈ ഉത്തരവ് പ്രകാരം നിരോധിക്കപ്പെട്ടിട്ടുള്ള ഒറ്റത്തവണ ഉപഭോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് ബദലായി ഉപയോഗിക്കാവുന്ന വസ്തുക്കൾ ( പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള കമ്പോസ്റ്റബൾ പ്ലാസ്റ്റിക്ക് ഒഴികെ ) സംബന്ധിച്ച് മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കേണ്ടതാണ്.

വിശദീകരണം ***(1) – "Plastic" means any item mentioned in this order made out of PolyPropylene(PP) , non-woven Polypropylene, multi-layer-co-extruder polypropylene, Polyethylene(PE), Poly vinyl chloride (PVC), high and low density polyethylene(HDPE and LDPE), Poly Styrene(PS) which is also called thermocol, Polyamides(nylon), Polyethylene Terephthalate(PET), Polymethyl Methacrylate(PMM) and plastic microbeads and any other plastic microbeads and any other plastic defined as plastic under the Plastic Waste Management Rules, 2016***

***(2)*** ക്യാരി ബാഗുകൾ എന്നാൽ പ്ലാസ്റ്റിക്ക് മാനേജ്മെന്റ് റൂൾസ് ***2016*** ലെ വ്യവസ്ഥയിൽ പറഞ്ഞിരിക്കുന്നത് പോലെ.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**വത്സ.വി**
**അഡീഷണൽ സെക്രട്ടറി**

# അനുബന്ധം – 7

**File No.ENVT-B2/33/2020-ENVT**

**GOVERNMENT OF KERALA**

**Abstract**

Environment Department- Ban of the use of Compostable carry bags-Alternative materials that can be used as a substitute for the banned single use plastic items - - Orders issued

**ENVIRONMENT(B) DEPARTMENT**

**G.O.(Ms)No.2/2020/ENVT** Dated,Thiruvananthapuram, 27/01/2020

Read 1 Press release dt 6.1.2020 of the Director, Department of Environment & Climate change

2 G.O(MS) No 7/2019/Envt dt 17.12.2019

3 G.O (MS) No.6/2019/Envt dt 27.11.2019

**ORDER**

Vide orders read as 2., 3. above, Govt have imposed a ban on the manufacture, storage, transport and sale of single use plastic items in the State of Kerala w.e.f 1.1.2020 and anyone found to be violating the Government Order will be fined up to Rs 50000/- and cancellation of license.

After the issuance of the above Orders, State Government received numerous representations about the use of carry bags and requesting to provide/list out alternative materials that can be used as a substitute for the banned single use plastic items. State Government had in GO cited 3. above, ordered that compostable materials having the specified standard can be used as a substitute for the banned plastic items. However it is noticed that fake compostable products resembling the original in texture and tint, and difficult to distinguish at first look, are flooding the markets negating the impact of the plastic ban and defeating the very intention of Government of ridding the State and water bodies of single use plastic.

State Government have examined the whole matter in detail. Cloth and paper carry bags had been used till recently in the State to buy goods and groceries. These serve as reasonable substitutes for the banned plastic carry bags. A number of micro and small scale units have now started production and supply of such plastic free carry bags. The public response to the ban has been overwhelming and they have started carrying their own bags to the market. Government therefore issued clarification vide reference 1. cited.

**Government hereby issue the order further clarifying the banned items. It is recommended to use the following alternative non-plastic /eco-friendly materials as a substitute for the banned single use plastic items.**

**File No.ENVT-B2/33/2020-ENVT**

| | | |
|---|---|---|
| A | **Both Branded and Non-branded compostable alternatives/substitutes are banned for the following items** | Recommended non-plastic substitutes |
| | 1. Carry bags irrespective of thickness, made of plastic<br>2. Sheets made of plastic, for single-use spread on tables in function venues, spread on plates while serving food.<br>3. Plates, cups and decorative materials made of styrofoam or Thermocol<br>4. Single-use utensils like cups, plates, dishes, spoons, forks, straw, stirrer, made of plastic<br>5. Non-woven bags, plastic flags, plastic bunting<br>6. Plastic packets for packing fruits and vegetables<br>7. Plastic drinking water pouches<br>8. PET/PETE drinking water bottles less than 500 ml | Cloth, paper bags<br>Paper spread<br>Glass, ceramic, steel, cups, plates, paper and plant-based decorations<br>Glass, ceramic, steel, wooden cups, plates, dishes, spoons, forks, straw, stirrer<br>Cloth and paper bags, flags and bunting<br>Paper and cloth bags<br>Banned, no substitute |
| B | **Banned items for which compostable substitutes can be used** | Recommended Compostable substitute |

**File No.ENVT-B2/33/2020-ENVT**

| | | |
|---|---|---|
| | 1. Plastic-coated paper cups, plastic-coated paper plates, plastic-coated paper bowls, plastic-coated paper bags | Paper cups with PLA-coating, certified by CPCB and IS: 17088 compliant. |
| | 2. Garbage Bags, including for hospital use, made of plastic | Compostable plastic garbage bags, certified by CPCB and IS: 17088 compliant |

Compostable materials should also adhere to the following guidelines -

1. The compostable plastic products shall have approval from Central Pollution Control Board (CPCB) and the certificate issued by CPCB shall be valid at the time of manufacture/sale/stocking/marketing of the product/s.

2. The compostable plastic materials shall bear details of the company that manufacture, agency that market, the material specification, date of manufacture, batch number, CPCB approval details with license number and validity etc, in the form of QR code.

3. The product shall bear the title **'this is a purely compostable plastic product'** written in both English and Malayalam.

4. The product shall dissolve in Dichoromethane (Methylene dichloride) and this shall be indicated in the packaging bag/cover/sheet material, as a preliminary test for identification. This shall be printed on the product as' This product dissolve in

Dichloromethane (Methylene dichloride).

(By order of the Governor)
**DR. USHA TITUS**
**PRINCIPAL SECRETARY**

# അനുബന്ധം – 8

**File No.ENVT-B2/29/2020-ENVT**

**GOVERNMENT OF KERALA**

**Abstract**

Environment Department- Ban on single use plastic items in the State w.e.f. 1.1.2020 -further clarifications-Orders issued

**ENVIRONMENT(B) DEPARTMENT**

**G.O.(Ms)No.4/2020/ENVT** Dated,Thiruvananthapuram, 16/02/2020

Read 1. G.O(MS) NO 111/2019/LSGD dt 29.8.2019
2. G.O(MS) No 6/2019/Envt dt 27.11.2019
3. G.O(MS) No 7/2019/Envt dt 17.12.2019
4. G.O(RT) 128/2019/Envt dt 31.12.2019
5. G.O(RT) No.6/2020/Envt dt 17.1.2020
6 G.O(RT) 9/2020/Envt dt 23.1.2020
7. G.O(MS) NO. 2/2020/Envt dt 27.01.2020

**ORDER**

1 . State Government had imposed a blanket ban on sale, manufacture, transport and storage of single use plastic items in the State w.e.f. 1.1.2020 vide G.O read as 2nd paper above. It was also ordered that compostable/bio-degradable materials having specification as stipulated in the Plastic Waste Management Rules 2016 could be used as a replacement/substitute for the banned single use plastic. KSPCB was authorized vide GO read as 4th paper above to do tests and verify the degradability of the compostable product and submit recommendations to Government.

2. It is now noticed that large quantities of fake compostable carry bags are entering the market circumventing the plastic ban. The public and shop owners are generally unable to distinguish them, defeating the very intention of Government to get rid of plastic from the State. In the above context, State Government vide G.O read as 7th paper above have issued further clarification listing out the alternative materials that could be used as substitutes for banned single use plastic items. Accordingly carry bags whether made of compostable materials or other materials were banned and instead only cloth or paper bags are allowed to be used as carry bags.

3. In the case of hoardings, Government have already issued detailed order vide

G .O read as 1st paper above banning the use of Flex/PVC materials and replacing them with Cloth or Poly Ethylene materials only. It was clearly mentioned in the order that plastic coated cloth cannot be used. But plastic coated cloth like polyster/nylon/korean cloth continue to be used for hoardings which cannot be allowed.

4. Meanwhile Government have been receiving numerous representations from various quarters seeking clarifications/suggestions/recommendations on the banned items. In

order to consider the various issues raised in these representations and to review the general situation after the plastic ban, a Task Force was constituted vide G.O read as 5th and 6th paper above. The Task force met on 28.1.2020 and 4.2.2020 and considered all the issues that were raised after the plastic ban.

5. Based on the decisions taken by the Task Force, Government hereby reiterate and issue further clarification/order as follows:

i) **There is a complete ban on carry bags even those made of compostable materials in the State and only cloth and paper bags free from plastic coating should be used as carry bags.**

ii) Plastic/plastic coated leaves used as plates are banned from the date of this order

iii) All product attached straws and other such items that are part of branded product packaging are exempted from the ban and they come under the purview of EPR.

iv) Plastic sapling bags are banned. It should be substituted with non plastic materials. For Grow bags, compostable materials can be used.

v) Garbage bags made of Compostable materials alone should be used for collecting/segregating biomedical waste.

vi) In the wake of fake compostable products entering the market, random checks shall be done on such products (products that are allowed to use compostable materials as per G.O(MS)No.2/2020/Envt dt 27.01.2020) and the authenticity/biodegradability of the products shall be tested in the labs of NIIST, IIST and KSPCB authorized labs.

vii) Compostable products should bear the details of the company that manufacture it the agency that market it, the material specification, date of manufacture, batch no, CPCB approval details with license no. and validity etc in the form of QR code. The product shall bear the title 'this is a purely compostable product' written in English and Malayalam. The product should dissolve in Dichloromethane (Methylene dichloride) and this shall be indicated in the packaging as a preliminary test for identification.

viii) With regard to the hoardings and usage of alternative materials in place of banned Flex/PVC hoardings the following guidelines are issued

1. **The use of plastic coated cloth material for hoarding is strictly banned and only cloth (plastic free), paper (plastic free) and Poly Ethylene material should be used for hoardings as a substitute of flex/pvc hoardings.** While printing, it should carry the logos 'recyclable, pvc free' expiry date , name of the printing unit and printing no. The details of the consumer must be registered in the shop. For banners carrying programme details, they shall be deemed to expire after the programme date and those banners/hoardings having no expiry date are deemed to expire after 30 days and will have to be removed by the installing agency.

2. All the printing units in the State should publicize that only compostable materials will be used for printing purpose and this must be exhibited.

3. Those found to be violating the Government order will be liable to pay fine as specified in the G.O read as 1st and 2nd above, eventually leading to cancellation of license

(By order of the Governor)
**DR. USHA TITUS**
**PRINCIPAL SECRETARY**

# അനുബന്ധം – 9

## തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലിയിലെ ശിക്ഷാനടപടി സംബന്ധിച്ച ഭാഗം

7. **ശിക്ഷാനടപടി (പിഴശിക്ഷ തുക നിയമവിധേയമായി നിജപ്പെടുത്തേണ്ടതാണ്).**

1) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം ബൈലായിലെ വ്യവസ്ഥകളുടെ ലംഘനങ്ങൾക്ക് ബന്ധപ്പെട്ട നിയമത്തിലോ ചട്ടത്തിലോ പരാമർശിച്ചിട്ടുള്ള ശിക്ഷകൾ ബാധകമായിരിക്കുന്നതാണ്.

2) ബൈലായിലെ വ്യവസ്ഥകളുടെ ലംഘനങ്ങൾക്ക് ബാധ്യസ്ഥരായ വ്യക്തികളിൽ / സ്ഥാപനങ്ങളിൽ നിന്നും 27/11/2019-ലെ സ.ഉ.(കൈ)നം.6/2019/പരി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന മുറയ്ക്ക് പഞ്ചായത്ത് / നഗരസഭ സെക്രട്ടറിയ്ക്ക് പിഴ ഈടാക്കാവുന്നതാണ്.

- ❖ ആദ്യതവണ ലംഘിക്കുന്നതിന് - 10,000/- രൂപ
- ❖ രണ്ടാം തവണ ലംഘിക്കുന്നതിന് - 25,000/- രൂപ
- ❖ തുടർന്നുള്ള ലംഘനത്തിന് - 50,000/- രൂപ
- ❖ തുടർന്ന് പ്രവർത്തനാനുമതി റദ്ദാക്കുന്നതാണ്.

3) ഈ ബൈലാ പ്രകാരം മാലിന്യ പരിപാലനം / സംസ്കരണം / നിർമ്മാർജ്ജനം ഇവയേതുമായും ബന്ധപ്പെട്ട തുക, ഫീസ് മുതലായവ നികുതി, കുടിശ്ശിക എന്നതുപോലെ ഈടാക്കാവുന്നതാണ്.

4) തുക ഈടാക്കുന്നത് കൂടാതെ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുകയോ, പൊതുജന താൽപര്യത്തിനായി ഉദ്ദേശിച്ചുകൊണ്ടുള്ള വ്യവസ്ഥകൾ ലംഘിക്കുകയോ ചെയ്യുന്ന വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നൽകിയിട്ടുള്ള അനുമതി റദ്ദാക്കുകയോ അത്തരം സ്ഥാപനങ്ങളുടെ അനുമതിക്കുള്ള അപേക്ഷ ഒരു നിശ്ചിത കാലത്തേയ്ക്ക് കുറ്റകൃത്യത്തിന്റെ സ്വഭാവമനുസരിച്ച് നിരാകരിക്കുവാൻ തീരുമാനിക്കുകയോ ചെയ്യാൻ പഞ്ചായത്തിന് / നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

4 (a) അപ്രകാരമുള്ള യാതൊരു ശിക്ഷാനടപടിയും യുക്തമായ നിയമ നടപടിക്രമം പാലിച്ചും കേൾക്കപ്പെടാനുള്ള അവസരം ഉറപ്പാക്കിയുമായിരിക്കണം ബാധകമാക്കേണ്ടത്.

4 (b) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരമുള്ള അപ്പീൽ അവസരം ഇത്തരം നടപടികൾക്ക് ബാധകമായിരിക്കുന്നതും അപ്പീൽ തീർപ്പിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം വിധേയമായിരിക്കുന്നതുമാണ്.

# അനുബന്ധം – 10

File No.LSGD-DC1/28/2018-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള "തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി" അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

G.O.(Rt)No.18/2021/LSGD    തീയതി,തിരുവനന്തപുരം, 04/01/2021

---

പരാമർശം:- 1 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21.11.2017- ലെ 3152/G/2017/SM നമ്പർ കത്ത്

2 തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി വിജ്ഞാപനം ചെയ്യുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് 05.11.2019- ന് ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനം

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.10.2020-ലെ 3152/G/2017/SM നമ്പർ കത്ത്

<u>ഉത്തരവ്</u>

തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ താമസക്കാരും തദ്ദേശ സ്വയംഭരണ സ്ഥാപന അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന വ്യാപാര വ്യവസായ വാണിജ്യ സ്ഥാപനങ്ങളും ഓഫീസുകളും പുറംതള്ളുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കുറയ്ക്കുന്നതിനും ആയവ അലക്ഷ്യമായും അശ്രദ്ധമായും വലിച്ചെറിഞ്ഞുണ്ടാകുന്ന പരിസ്ഥിതി മലിനീകരണം തടയുന്നതിനും പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ ശേഖരിച്ച്, സംഭരിച്ച് ശാസ്ത്രീയമായി പരിപാലിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട ജനജാഗ്രത ഉറപ്പാക്കുന്നതിനും നിയമ - ചട്ടങ്ങളാൽ നിക്ഷിപ്തമായ അധികാരങ്ങൾക്ക് വിധേയമായി കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള 2016- ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളിലെയും കേരള പഞ്ചായത്തി രാജ് ആക്ട് , കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയിലെയും ബന്ധപ്പെട്ട വകുപ്പുകളുടെ അടിസ്ഥാനത്തിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി വിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

2. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്ന ഉപനിയമാവലിക്ക് ആധികാരികതയും ഏകീകൃത സ്വഭാവവും ഉണ്ടാകുന്നതിനു വേണ്ടി ഒരു മാതൃക ഉപനിയമാവലി സർക്കാർ തലത്തിൽ തയ്യാറാക്കി അംഗീകാരം നൽകുന്നതായിരിക്കും ഉചിതം എന്നതിന്റെ അടിസ്ഥാനത്തിൽ "തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി" യുടെ കരട് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്നു. ഉപനിയമാവലി സംബന്ധിച്ച പൊതുജന അഭിപ്രായം തേടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ആയതിന്റെ അടിസ്ഥാനത്തിലുള്ള ഭേദഗതി സഹിതം അന്തിമ കരട് ബൈലോ സമർപ്പിക്കുവാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറെ പരാമർശം (2) പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ഉപനിയമാവലി സംബന്ധിച്ച പൊതുജന അഭിപ്രായം തേടുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ആയവയിൽ സ്വീകാര്യമായ നിർദേശങ്ങൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്ത കരട് ബൈലോ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ വിജ്ഞാപനം ചെയ്യുന്നതിനുള്ള ഇതോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള "തദ്ദേശ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഉപനിയമാവലി" അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
ADDITIONAL CHIEF SECRETARY

**ഇത് നിയമങ്ങളുടെയും ചട്ടങ്ങളുടെയും പ്രസക്തഭാഗങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കൈപ്പുസ്തകം മാത്രമാണ്. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമനടപടികൾ സ്വീകരിക്കുമ്പോൾ അതത് നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് അവയിൽ പറയുന്ന നിബന്ധനകൾ പാലിച്ച് മാത്രം ചെയ്യേണ്ടതാണ്.**